155

2015 ഫെബ്രുവരി

# ലിറ്റിൽ മാസിക





"ഞാനടുത്തു ചെന്നപ്പോൾ പനിനീർപൂവു തൊഴുതുപറഞ്ഞു:
നമസ്കാരം മനുഷ്യപുഷ്പമേ!
മറിച്ചങ്ങോട്ടു നമസ്കാരം പുഷ്പമനുഷ്യാ എന്നുതൊഴുതു പറയാനെനിക്കെന്നാണ് കഴിയുക?"
**-കുഞ്ഞുണ്ണി**


ലിറ്റിൽ മാസിക

**2015**

ചുങ്കത്തറ പി.ഒ.,
മലപ്പുറം 679334

Ph: 04931-231493, 232780
Mob: 9946428284, 8547300532
email:littlemasika@gmail.com

**155**



copyleft

ചീഫ് എഡിറ്റർ
**ബിജു ജോൺ**

കോ-ഓർഡിനേറ്റിംഗ് എഡിറ്റർ
**അബ്ദുള്ളക്കുട്ടി എടവണ്ണ**

മാനേജിംഗ് എഡിറ്റർ
**ജയപ്രകാശ് നിലമ്പൂർ**

എക്സിക്യൂട്ടീവ് എഡിറ്റർ
**പി.എം. ജോൺ**

പത്രാധിപ സമിതി
**സതീഷ് ചളിപ്പാടം**
**മനോഹർ വർഗീസ്**
**ചന്ദ്രബാബു തൃക്കലങ്ങോട്**

സ്പെഷ്യൽ കറസ്പോണ്ട്
**ഹാരിസ് നെന്മേനി**

ടൈപ്പ് സെറ്റിംഗ്
**ജസീല**


*1992-ൽ പ്രസിദ്ധീകരണം ആരാഭിച്ചു.*

# ചിക്കാഗോയിൽ നിന്ന് സ്നേഹപൂർവ്വം..


**മാർവിൻ വൂൾഫ്**

എനിക്ക് ഒമ്പത് വയസ്സുള്ളപ്പോഴാണ്, പണത്തിനു വല്ലാതെ അത്യാവശ്യം വന്നു. ഹെറാൾഡ് അമേരിക്ക എന്ന പത്രത്തിന്റെ ഏജന്റ് മിഷേലിയോട് സ്കൂൾ വിട്ടു കഴിഞ്ഞുള്ള സമയത്ത് പത്രം വിതരണം ചെയ്യുന്ന ജോലി തരാമോ എന്നു ചോദിച്ചു. ഒരു സൈക്കിൾ തരപ്പെടുത്തിയാൽ ജോലി തരാമെന്ന് മിഷേൽ സമ്മതിച്ചു. എന്റെ പിതാവ് ഒരേസമയം നാല് ജോലികൾ ചെയ്താണ് കുടുംബം പുലർത്തിയിരുന്നത്. പകൽ മുഴുവൻ സൈൻ ബോർഡുകൾ നിർമ്മിക്കും. പിന്നീട് എട്ട് മണി വരെ പൂക്കടയിലെ ജോലി. അർദ്ധരാത്രി വരെ ടാക്സി ഓട്ടം. ആഴ്ചാവസാനം ഇൻഷുറൻസ് പോളിസി വിതരണം. എന്തായാലും പിതാവ് ഒരു പഴയ സൈക്കിൾ വാങ്ങിത്തന്നു. സൈക്കിൾ വാങ്ങിത്തന്ന ഉടനെ തന്നെ പിതാവ് പനിപിടിച്ച് കിടപ്പായതിനാൽ സൈക്കിൾ പഠിപ്പിച്ചു തരാൻ പറ്റിയില്ല. സൈക്കിൾ മിഷേലിനെ കാണിച്ചുകൊടുത്തു. സൈക്കിളോടിക്കാൻ ആവശ്യപ്പെടാത്തതുകൊണ്ട് ജോലിയും കിട്ടി. സൈക്കിളിൽ പേപ്പർ കെട്ട് വലിച്ചുകെട്ടി വീടുകളിൽ വിതരണം ചെയ്തുതുടങ്ങി. പേപ്പർ കെട്ടുമായി സൈക്കിൾ ഉന്തിക്കൊണ്ടുപോകുന്നത് ബുദ്ധിമുട്ടായതിനാൽ സൈക്കിളുപേക്ഷിച്ച് പകരം രണ്ട് ചക്രമുള്ള ഉന്തുവണ്ടിയിലായി പിന്നീടുള്ള ജോലി. സൈക്കിളിൽ പത്രം വിതരണം ചെയ്യുന്നത് വളരെ ശുഷ്കാന്തി ആവശ്യമുള്ള ജോലിയാണ്. വളരെ സൂക്ഷ്മമായി പോർച്ചിലേക്ക് എറിഞ്ഞുകൊടുക്കണം. ലക്ഷ്യസ്ഥാനത്തെത്തിയോ എന്ന് ശ്രദ്ധിക്കണം. ഉന്നം പിഴച്ചാൽ രണ്ടാമത് നടന്നുചെന്ന് പോർച്ചിൽ ഇടണം. ഞായറാഴ്ചകളിൽ പത്രത്തിന് വല്ലാത്ത കനമാണ്. മഴക്കാലങ്ങളിലും മഞ്ഞുകാലങ്ങളിലും പത്രം വളരെ ശ്രദ്ധിച്ച് വാതിലിന്റെ പാളിയിലൂടെയും മുറിക്കകത്തേക്ക് ഇടണം. മഴയും മഞ്ഞും നേരിടാൻ പിതാവിന്റെ പഴയ റെയിൻകോട്ട് കൊണ്ട് പത്രക്കെട്ടുകൾ മൂടിവെക്കുമായിരുന്നു. സൈക്കിളിൽ പോകുന്നതിനേക്കാളും കൂടുതൽ സമയം എടുക്കുമായിരുന്നു ഉന്തുവണ്ടി കൊണ്ട് പത്രം വിതരണം ചെയ്യുമ്പോൾ. പക്ഷേ അതെനിക്ക് പ്രശ്നമായിരുന്നില്ല. എന്റെ പ്രദേശത്തെ എല്ലാവരുമായും എനിക്ക് സമ്പർക്കം പുലർത്താൻ കഴിഞ്ഞു. ഇറ്റലി, ജർമ്മനി, പോളണ്ട് തുടങ്ങിയ രാജ്യങ്ങളിൽ നിന്നും വന്ന തൊഴിലാളികളായിരുന്നു ആ പ്രദേശത്ത് താമസിച്ചിരുന്നത്. പോകുന്ന വഴിയിൽ നായ്ക്കുട്ടികളെയും റോഡുവക്കിൽ പരന്നൊഴുകിയ എണ്ണയിൽ പടരുന്ന മഴവില്ലും ഞാൻ നന്നായി ആസ്വദിച്ചിരുന്നു. ആശുപത്രിയിൽ നിന്നും മടങ്ങിവന്ന പിതാവിന്റെ ആരോഗ്യനില മോശമായിരുന്നു. സാമ്പത്തികമായി തകർച്ചയിലായതിനാൽ സൈക്കിൾ വിൽക്കേണ്ടിവന്നു.

8 മാസം കൊണ്ട് എന്റെ വരിക്കാരുടെ എണ്ണം 36 ൽ നിന്ന് 59 ആയി ഉയർന്നു. എന്റെ വരിക്കാർ പുതിയ ആളുകളെ എനിക്ക് പരിചയപ്പെടുത്തി തന്നു. പുതിയ വരിക്കാർ എന്നെ സമീപിച്ച് എന്റെ കയ്യിൽ നിന്നും പത്രം വാങ്ങണം എന്നറിയിച്ചുകൊണ്ടിരുന്നു. എനിക്കൊരു പേപ്പറിൽ നിന്നും ഒരു സെന്റ് ലഭിക്കുമായിരുന്നു. ഞായറാഴ്ചത്തെ പത്രത്തിന് 5 സെന്റ് ആണ് കിട്ടി

## ആർ. കെ. ലക്ഷ്മൺ






ആർ. കെ. ലക്ഷ്മൺ ഗുജറാത്ത് കലാപകാലത്ത് വരച്ച ഈ രചന കാർട്ടൂണിന് കണ്ണീരിന്റെ ഭാഷയും വഴങ്ങുന്നതാണെന്ന് വെളിപ്പെടുത്തുന്നു. കേവലം നർമ്മം മാത്രമല്ല നൊമ്പരവും ലക്ഷമണിന്റെ കാർട്ടൂണുകളുകളുടെ ഭാഷയായിരുന്നു.

*എല്ലാ കാലത്തും പ്രസക്തമായ ദാർശനികചിന്തയാണ് യാചക കഥാപാത്രത്തെകൊണ്ട് ലക്ഷമണൻ പറയിക്കുന്നത് -* ***ഇതുപോലൊരു കാലത്ത് ഒന്നും അത്ര ചെറുതല്ല.***

യിരുന്നത്. എന്നാൽ എന്റെ വരിക്കാർ എനിക്ക് അധികമായി ചില നാണയത്തുട്ടുകൾ കൂടി തരുമായിരുന്നു. മിഷേലിയുടെ കയ്യിൽ നിന്നും കിട്ടുന്ന സംഖ്യയുടെ അളവിൽ തന്നെ എനിക്ക് വരിക്കാരുടെ കയ്യിൽ നിന്നും ടിപ്പ് കിട്ടുമായിരുന്നു.

1951 ലെ ക്രിസ്മസിനു തലേദിവസം പതിവുപോലെ ഞാൻ എന്റെ ആദ്യത്തെ വരിക്കാരന്റെ ഡോർബെല്ലിൽ മണിയടിച്ചു. അകത്ത് വെളിച്ചമുണ്ടായിരുന്നെങ്കിലും ആരും വാതിൽ തുറന്നില്ല. തൊട്ടടുത്ത വീടുകളിലും ഇതു തന്നെയായിരുന്നു സ്ഥിതി. മിക്കവാറും എല്ലാ വരിക്കാരുടെ വീട്ടിലും ഞാൻ ചെന്നപ്പോൾ അവിടെ ആരെയും കാണാൻ കഴിഞ്ഞില്ല. എല്ലാവരും എവിടെപ്പോയി എന്നു ഞാൻ അത്ഭുതപ്പെട്ടു. ഒടുവിൽ വരിക്കാരിലൊരാളായ ഗോർഡന്റെ വീട്ടിലെത്തിയപ്പോൾ എനിക്കാശ്വാസമായി. ആ വീട്ടിൽ നിന്ന് സംഗീതവും മറ്റ് ശബ്ദങ്ങളും കേട്ടു. ഞാൻ ഡോർബെല്ലടിച്ചു. വാതിൽ തുറന്നതും ആരോ എന്നെ വീട്ടിലേക്ക് വലിച്ചിട്ട് വാതിലടച്ചു. അദ്ദേഹത്തിന്റെ ലിവിംഗ് റൂമിലേക്ക് ഞാൻ ആനയിക്കപ്പെട്ടു. എന്റെ 59 വരിക്കാരും അവിടെ ഉണ്ടായിരുന്നു. റൂമിന്റെ മധ്യഭാഗത്തായി ഒരു പുതിയ സൈക്കിൾ അലങ്കരിച്ചുവെച്ചിരുന്നു. ചുവന്ന കളറിൽ ഹെഡ്‌ലൈറ്റും ബെല്ലുമൊക്കെയുള്ള ഒരു ഒന്നാന്തരം സൈക്കിൾ. ഒരു കാൻവാസ് ബാഗ് മനോഹരമായി പൊതിഞ്ഞ് അതിന്റെ ഹാൻഡിൽ ബാറിൽ തൂക്കിയിരുന്നു. "ഇത് നിനക്കുള്ളതാണ്. ഞങ്ങളെല്ലാവരും കൂടി നിനക്കുവേണ്ടി വാങ്ങിച്ചതാണ്"-ഗോർഡന്റെ പത്നി പറഞ്ഞു. സൈക്കിളിൽ തൂക്കിയിട്ടിരുന്ന പേപ്പർ കവറുകളിൽ നിറയെ ക്രിസ്തുമസ് കാർഡുകളായിരുന്നു. അതിലൊന്നിൽ ഒരാഴ്ചത്തെ എല്ലാവരുടെയും വരിസംഖ്യയും ഉണ്ടായിരുന്നു. തുടർന്ന് കൂട്ടത്തിലുള്ളൊരു സ്ത്രീ മുന്നോട്ടുവന്ന് എന്നോട് പറഞ്ഞു: "ഞങ്ങൾ കണ്ടിട്ടുള്ളതിൽ വെച്ച് ഏറ്റവും മിടുക്കനായ പത്രവിതരണക്കാരനാണു നീ. ഒരു ദിവസം പോലും പത്രം വൈകുകയോ കിട്ടാതിരിക്കുകയോ ചെയ്തിട്ടില്ല. ഒരു ദിവസം പോലും പത്രം നനഞ്ഞുപോയിട്ടില്ല. മഞ്ഞും മഴയും നനഞ്ഞ് ചെറിയ ഷോപ്പിംഗ് കാർട്ടുമായി നീ ഓടി നടന്ന് പത്രങ്ങൾ വിതരണം ചെയ്യുന്നത് ഞങ്ങളെല്ലാവരും ശ്രദ്ധിക്കാറുണ്ട്. അതുകൊണ്ട് നിനക്കൊരു സൈക്കിൾ വാങ്ങിച്ചുതരണമെന്നത് ഞങ്ങളെല്ലാവരുടെയും തീരുമാനമാണ്." അതീവ ആനന്ദത്തോടെ എല്ലാവരോടും പലതവണ നന്ദിപറയുക മാത്രമാണ് എനിക്ക് ചെയ്യാൻ കഴിഞ്ഞത്. വീട്ടിലെത്തി എണ്ണി നോക്കിയപ്പോഴാണ് എനിക്ക് കിട്ടിയ ടിപ്പുകളെല്ലാം കൂടി 100 ഡോളറിൽ കൂടുതലുണ്ടെന്നു മനസ്സിലായത്. എന്റെ വരിക്കാർ മിഷേലിയെ വിളിച്ചിട്ടുണ്ടാവണം. കാരണം പിറ്റേദിവസം പേപ്പറെടുക്കാൻ ചെന്നപ്പോൾ മിഷേലി എന്നെ കാത്തുനിൽപ്പുണ്ടായിരുന്നു. മിഷേലി എന്നോട് അടുത്ത ദിവസം സൈക്കിളിൽ കൊണ്ടുവരണമെന്നും താൻ സൈക്കിളോടിക്കാൻ പഠിപ്പിച്ചുതരാമെന്നും പറഞ്ഞു. സൈക്കിളിൽ ഞാൻ പ്രാവീണ്യം നേടിക്കഴിഞ്ഞപ്പോൾ മിഷേലി എനിക്ക് 42 വരിക്കാരുടെ പുതിയ ഒരു റൂട്ട് കൂടി തന്നു. ഷോപ്പിംഗ് കാർട്ടുമായി ഒരു റൂട്ടിൽ പത്രം വിതരണം ചെയ്യുന്നതിനേക്കാളും വേഗത്തിൽ സൈക്കിളിൽ ഞാൻ രണ്ട് റൂട്ടിലും പത്രം വിതരണം ചെയ്തു.

എങ്കിലും മഴയുള്ളപ്പോൾ സൈക്കിളിൽ നിന്നും ഇറങ്ങി കരുതലോടെ പത്രം വീട്ടുപടിക്കൽ എത്തിക്കുമായിരുന്നു. പത്രം എറിയുന്ന സമയം ലക്ഷ്യം തെറ്റിയാൽ അത് നടന്നുചെന്ന് എടുത്ത് ലക്ഷ്യസ്ഥാനത്ത് എത്തിക്കുമായിരുന്നു. ഹൈസ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞു ഞാൻ സൈന്യത്തിൽ ചേർന്നപ്പോൾ സൈക്കിൾ ഞാൻ എന്റെ ഇളയ സഹോദരൻ റേറ്റ്സിന് കൊടുത്തു. ആ സൈക്കിളിന് പിന്നെന്തു സംഭവിച്ചു എന്നെനിക്കിപ്പോൾ ഓർമ്മയില്ല. എന്നാൽ എന്റെ വരിക്കാർ എനിക്ക് തന്ന മറ്റൊരു വലിയ സമ്മാനമുണ്ട്. ഏത് ചെറിയ ജോലി ചെയ്യുന്നതിലും അഭിമാനവും സംതൃപ്തിയും കണ്ടെത്തണമെന്ന വലിയ തിളങ്ങുന്ന പാഠമാണത്. ചിക്കാഗോയിലെ ആ നല്ല ആളുകൾ എനിക്ക് തന്ന ആ ക്രിസ്തുമസ് സമ്മാനം എക്കാലവും ഞാൻ ഓർക്കാനിഷ്ടപ്പെടുന്ന ഒന്നാണ്!

(1996 ഡിസംബർ ലക്കത്തിലെ *റീഡേഴ്സ് ഡൈജസ്റ്റിൽ* വന്ന അനുഭവ കഥ)

# ജീവിതത്തിൽ സംതൃപ്തി നൽകുന്നത്

മൈക്കിൾ കാരിമറ്റം

അതിഥിക്ക് ഒരു കിണ്ടിയിൽ വെള്ളം നൽകി സ്വീകരിക്കുക എന്നതായിരുന്നു കേരളീയന്റെ ആതിഥ്യമര്യാദ. ഒരു കിണ്ടി വെള്ളമുണ്ടെങ്കിൽ കയ്യും കാലും മുഖവും വൃത്തിയായി കഴുകി കഴിഞ്ഞാലും കിണ്ടിയിൽ വെള്ളം ബാക്കിയുണ്ടാകും. ജനങ്ങളേറ്റവും കുറവും വെള്ളം സമൃദ്ധവും ശുദ്ധവുമായിരുന്ന ഒരു കാല ത്താണ് 'കിണ്ടി' എന്ന സാങ്കേതികവിദ്യ രൂപപ്പെട്ടത്. ഇന്ന് അതിഥിയെ ആനയിക്കുത് 'ടാപ്പി'ന്റെ അടുത്തേ ക്കാണ്. ടാപ്പിന്റെ ക്ഷമത പരമാവധി 20% മാണ്. അതായത് 100 ലിറ്റർ മാത്രമാണ് ഉപയോഗിക്കുന്നത്. ബാക്കി 80 ലിറ്റർ വെള്ളവും പാഴാക്കപ്പെടുകയാണ്. ജനങ്ങൾ ഏറ്റവും വർദ്ധിക്കുകയും ജലം ദുർബലമാവുകയും ജലത്തിന്റെ ശുദ്ധതതന്നെ കുറഞ്ഞിരിക്കുകയും ചെയ്യുന്ന കാലത്താണ് ടാപ്പ് എന്ന സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുന്നത്. പരിമിതമായ വിഭവങ്ങളുള്ള ലോകത്ത് അവയുടെ ചാക്രികതയിലൂടെ അനന്തമായ കാലത്തേക്ക് അപരിമിതമായ ജീവന് ഉപയോഗപ്പെടുംവിധം ഓരോരുത്തർക്കും അവകാശപ്പെട്ടതു മാത്രമേ അവരവർ ഉപയോഗിക്കാൻ പാടുള്ളു എന്ന വിവേകമാണ് ലാളിത്യം. ലാളിത്യമെന്നത് ഒരു സംസ്കാരമാണ്. കിണ്ടിയിൽ നിന്ന് ടാപ്പിലേക്കുള്ള ദൂരം സംസ്കാരത്തിന്റേതാണ്.

ഇന്ത്യയെ കണ്ടെത്താനുള്ള യാത്രയിൽ ഗാന്ധിജി നർമ്മദാ നദിക്കരയിലെത്തുന്നു. ചെളിയും പൊടിയും പറ്റിപ്പിടിച്ച തന്റെ ചെരുപ്പ് അദ്ദേഹം കരയിൽ അഴിച്ചു വെക്കുന്നു. നർമ്മദയിലിറങ്ങി മേൽമുണ്ട് നനച്ച് അതിൽ വെള്ളം ശേഖരിച്ച് കരയിൽ വെച്ച ചെരുപ്പ് തുടച്ചു വൃത്തിയാക്കുന്നതു കണ്ടപ്പോൾ ഗാന്ധിജിയുടെ ഒപ്പമുള്ളവർക്ക് കാര്യം മനസ്സിലായില്ല. "ബാപ്പുജീ, അങ്ങെന്താണ് ചെയ്യുന്നത്. നർമ്മദയിൽ ധാരാളം വെള്ളമുണ്ടല്ലോ ?"തന്റെ ജോലിയിൽതന്നെ ശ്രദ്ധവെച്ച് ഗാന്ധിജി ഇങ്ങനെ മറുപടി പറഞ്ഞത്രേ.

നർമ്മദയിൽ ധാരാളം വെള്ളമുണ്ട്. ശരി, എന്നാൽ അതിൽ എനിക്കുള്ള പങ്ക് മാത്രമേ ഞാനെടു ക്കാവൂ. മറ്റൊരു കാര്യം വാങ്ങേണ്ടിവരുമ്പോൾ പണമുള്ളവനേ ജീവിക്കാനാകൂ എന്ന അവസ്ഥ വരും. ഏതാനും പേരുടെ ധൂർത്തിനും അത്യാർത്തിക്കും വിധേയമായി ചത്തൊടുങ്ങേണ്ടതല്ല ജീവൻ. ശുദ്ധജലം ലഭിക്കാത്തതിനാലും ജലം അശുദ്ധമായി രോഗങ്ങൾ പിടിപെടുന്നതിനാലും കോടിക്കണക്കിന് മനുഷ്യർ ഓരോ വർഷവും മരിക്കുന്നുണ്ട്. അത്തരം മരണത്തിന്റെ പാപക്കറ ആഡംബര ജീവിതം നയിക്കുന്നവരുടെ മേലെ പതിക്കുന്നുണ്ടെന്ന് എത്ര പേർക്കറിയാം.

കിണ്ടി കണ്ടുപിടിച്ച് മനസ്സ് എല്ലാ വിഭവങ്ങളുടെ ഉപയോഗത്തിലും ശ്രദ്ധിച്ചിരുന്നുവെന്ന് കാണാം. ഒരു മുത്തശ്ശിക്കഥ കേട്ടിട്ടുള്ളത് ഇങ്ങനെയാണ്. തിരുവള്ളുവരെയും ഭാര്യയെയും കുറിച്ചാണത്.ഭാര്യ മരണാസന്നയായി കിടക്കുകയാണ്. തിരുവള്ളുവർ വളരെ മൃദുവായി ചെവിയിൽ മന്ത്രിച്ചു : "പ്രിയേ, കണ്ണടയാൻ എന്താണ് പ്രയാസം. ഏതോ ഒരാഗ്രഹം ബാക്കിയുള്ളതുപോലെ തോന്നുന്നു. പറയൂ എന്താണാഗ്രഹം ?".

ഒരു തേജസ് അവരുടെ മുഖത്ത് തെളിഞ്ഞു. ശാന്തമായി അവർ പറഞ്ഞു "എന്റെ എല്ലാ ആഗ്രഹ ങ്ങളും അങ്ങ് സാധിച്ചു തന്നിട്ടുണ്ട്. എങ്കിലും ഒരു കാര്യം മാത്രം അറിയാൻ ബാക്കിയുണ്ട്. അതിതാണ്. എല്ലാദിവസവും ചോറ് വിളമ്പുന്നതിനുമുമ്പ് ഒരു കിണ്ടിയിൽ വെള്ളവും ഇലയിൽ ഒരു ഈർക്കിലും കൊണ്ടുവെക്കാൻ നിഷ്ക്കർഷിക്കാറുണ്ടല്ലോ. എല്ലാനേരവും ഞാനതു ചെയ്തിരുന്നു. പക്ഷേ ഒരു തവണപോലും അങ്ങത് ഉപയോഗിക്കുന്നത് കണ്ടിരുന്നില്ല. എന്തിനാണ് എന്നെക്കൊണ്ട് ആ പ്രവൃത്തി ചെയ്യിച്ചിരുന്നത് ".

"അതാണോ കാര്യം ?" തിരുവള്ളുവർ മറുപടി പറഞ്ഞു. "അത് ഉപയോഗിക്കേണ്ട ആവശ്യം വന്നിരു ന്നില്ല. നീ ചോറു വിളമ്പുമ്പോഴും ഞാൻ കഴിക്കുമ്പോഴും ഒരന്നവും നിലത്ത് വീണിരുന്നില്ല. വീണിരുന്നെ ങ്കിൽ ഈർക്കിൽ കൊണ്ട് കുത്തിയെടുത്ത് കിണ്ടിയിരിലെ വെള്ളത്തിൽ കഴുകി കഴിക്കാമായിരുന്നു". ഇത്രയും കേട്ടപ്പോൾ ഭാര്യയുടെ കണ്ണടഞ്ഞുവെന്നാണ് കഥ.

'അന്നം ബ്രഹ്മം' എന്ന് പ്രാക്തന സമൂഹം വിശ്വസിച്ചിരുന്നു. പഞ്ചഭൂതങ്ങൾ അന്നമായി മാറുന്ന പ്രക്രിയയിൽ അനേകം യജ്ഞങ്ങളുണ്ടെന്നും അത് പ്രാണൻ നിലനിർത്തുന്നു എന്നും വിശ്വസിച്ചതിനാൽ ഒരന്നവും കളയാതെ ഭക്ഷിക്കാനും ഒരു ധാന്യമണി പോലും പാഴാക്കാതെ സംരക്ഷിക്കാനും അവർ ശ്രമിച്ചു. കൊയ്ത്തിനു ശേഷം വയലിൽ നിന്നും മെതിക്കു ശേഷം കളത്തിൽ നിന്നും അവസാനത്തെ കതിർമണിയും പെറുക്കിയെടുക്കാൻ തലമുറകളിലൂടെ പരിശീലനം ലഭിച്ചിരുന്നു. ഭക്ഷണം പാകം ചെയ്യാൻ അരി കഴുകി ഇടുന്നതിനു മുൻപ് അരിയിൽ നിന്ന് നെല്ല് പെറുക്കി മാറ്റാനും അവ സൂക്ഷിച്ച് പിന്നീട് അരിയാക്കി ഉപയോഗിക്കാനും ജനം സ്വയം ശീലിച്ചിരുന്നു. ഇങ്ങനെ ചെയ്യുന്നതും ലളിതമായി ജീവിക്കുന്നതും 'ലുബ്ധ് 'ആണെന്നാണ് ആധുനിക മതം. കാഞ്ഞങ്ങാട് ബസ്സിൽ യാത്ര ചെയ്യുമ്പോൾ മുൻപൊക്കെ ബസ്സിന്റെ



മുൻഭാഗത്ത് ചന്ദനത്തിരി കത്തിച്ച പൂജിക്കുന്ന ഒരു ഫോട്ടോ കാണും. കുട്ടികൾ അതു കാണുമ്പോൾ ചിരിക്കും. യുവത്വത്തിലേക്ക് കടക്കുന്നവർന്ന് പുച്ഛം തോന്നും. ഒരു കോണകം മാത്രം ഉടുത്തിരിക്കുന്ന നിത്യാനന്ദഗുരുവിന്റെ ചിത്രമാണത്. ലോകത്തിലുള്ള എല്ലാ വിഭവങ്ങളും ഓരോരുത്തരും എത്ര പരിമിതമായി മാത്രമേ ഉപയോഗിക്കാവൂ എന്ന തത്വചിന്തയാണ് ആ ഗുരു സമൂഹത്തിൽ പ്രസരിപ്പിച്ചത്.

ജീവിതത്തിൽ സംതൃപ്തി നൽകുന്നത് ലാളിത്യമാണെന്ന് തിരിച്ചറിഞ്ഞ ഹെൻട്രി ഡേവിഡ് തോറെ താൻ നേടിയെടുത്ത ഉന്നത ബിരുദങ്ങൾ ഉപയോഗിക്കേണ്ടത് ഉപഭോഗതൃഷ്ണയ്ക്കല്ലെന്ന് മനസ്സിലാക്കി. 'വാൾഡൻ' നദിക്കരയിൽ താൻ കെട്ടിയുണ്ടാക്കിയ ഒരു കൂരയിലേക്ക് താമസം മാറ്റി. പട്ടണത്തിൽ നിന്ന് പിൻവാങ്ങി വാൾഡനിലേക്ക് പോയതിനെക്കുറിച്ച് അദ്ദേഹം ഇങ്ങനെ രേഖപ്പെടുത്തുന്നു. "ഞാൻ കാട്ടിലേക്ക് പോയത് മനഃപൂർവ്വം ജീവിക്കണമെന്ന അഭിലാഷം കൊണ്ടായിരുന്നു. അതായത് ജീവിതത്തിലെ കാതലായ വസ്തുതകളെ മാത്രം നേരിടുകയും അതിനു പഠിപ്പിക്കാനുണ്ടായിരുന്നതു പഠിക്കുവാൻ എനിക്കു കഴിയുകയില്ലയോ എന്ന് നോക്കുകയും ചെയ്യണമെന്നും അല്ലാതെ മരണത്തോടുടുക്കുമ്പോൾ ഞാൻ ജീവിച്ചിരുന്നിട്ടില്ലെന്ന് കണ്ടുപിടിക്കപ്പെടരുതെന്നും ആഗ്രഹിച്ചതിനാലായിരുന്നു". തോറോവിന്റെ സിവിൽ നിസ്സഹകരണം, മിതവ്യയം എന്നീ ആശയങ്ങൾ പ്രിട്ടോറിയയിൽ ജയിലിൽ കിടന്ന മഹാത്മജിയെ ഏറെ സ്വാധീനിച്ചിരുന്നു. തോറൊ പറയും, "ഈ ഭൂമിയിൽ തന്നത്താൻ പുലർത്തുക എന്നത് ഒരു ബുദ്ധിമുട്ടല്ല. നേരെമറിച്ച് ഒരു വിനോദമാണ്. അതിന് നാം സരളമായും ബുദ്ധിപൂർവ്വമായും ജീവിക്കണമെന്നേയുള്ളു."

ശുദ്ധമായ ജലം, ശുദ്ധമായ വായു, ശുദ്ധമായ ആഹാരം എന്നിവ ജീവാവകാശമാണ്. മനുഷ്യനൊഴികെ മറ്റൊരു ജീവിയും ഇവ കവർന്നെടുത്ത് സ്വാർത്ഥലാഭങ്ങൾക്ക് ഉപയോഗിക്കുകയോ മലിനീകരിക്കുകയോ ചെയ്യുന്നില്ല. അതിനാൽ ഈ മൂന്ന് വിഭവങ്ങളോടുമുള്ള മനുഷ്യബന്ധം ആത്മീയമെന്നതുപോലെ സദാചാരപരവുമാണ്. സഹാറാ മരുഭൂമിയിൽ കാണുന്ന ഒരു ഗോത്രവർഗ്ഗമാണ് ബുഷ്മെൻ. ഇവർ ഒരിടത്തും സ്ഥിരമായി താമസിക്കില്ല. നായാടിയും നാടോടിയും ജീവിക്കുന്നവരാണ്. യാത്രയിൽ എപ്പോഴെങ്കിലും അപൂർവ്വമായി മഴ കിട്ടുമ്പോൾ അവർ ഒട്ടകപ്പക്ഷിയുടെ മുട്ടത്തോടിൽ ജലം ശേഖരിച്ച് മണ്ണിൽ കുഴിച്ചിടും. അത് ചെയ്യുന്നത് അവർക്കുവേണ്ടിയല്ല. പിന്നീട് എപ്പോഴെങ്കിലും അതുവഴി വരുന്ന അവർക്കുപോലും അറിഞ്ഞുകൂടാത്ത മറ്റൊരു സമൂഹത്തിനു വേണ്ടിയാണ്. ഇതാണ് അവരുടെ Possession -സ്വത്ത് സമ്പാദിക്കുന്ന ശീലം. ഇത്തരം ഒരു ജനതക്ക് സമ്പാദ്യമെന്നത് ആത്മസംതൃപ്തിക്ക് ഇടം നല്കലാണ്. ലളിതജീവിതം സംതൃപ്തികരമാവുക ഇത്തരം വേളകളിലാണ്.*(അസ്സീസി മാസികയോട് കടപ്പാട്)*

പരിമിതമായ വിഭവങ്ങളുള്ള ലോകത്ത് അവയുടെ ചാക്രികതയിലൂടെ അനന്തമായ കാലത്തേക്ക് അപരിമിതമായ ജീവന് ഉപയോഗപ്പെടുംവിധം ഓരോരുത്തർക്കും അവകാശപ്പെട്ടതു മാത്രമേ അവരവർ ഉപയോഗിക്കാൻ പാടുള്ളു എന്ന വിവേകമാണ് ലാളിത്യം. ലാളിത്യമെന്നത് ഒരു സംസ്കാരമാണ്. കിണ്ടിയിൽ നിന്ന് ടാപ്പിലേക്കുള്ള ദൂരം സംസ്കാരത്തിന്റേതാണ്.





രാകേഷ് കുമാർ സിംഗ്

സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾക്കും വിവേചനങ്ങൾക്കും എതിരെ സമൂഹശ്രദ്ധ ഉണർത്തുക എന്ന ലക്ഷ്യത്തോടെ റൈഡ് ഫോർ ജെന്റർ ഫ്രീഡം എന്ന മുദ്രാവാക്യവുമായി സൈക്കിളിൽ ഭാരതം ചുറ്റുന്ന ഒറ്റയാൾ പോരാളി രാകേഷ് കുമാർ സിംഗ്...

# 'റൈഡ് ഫോർ ജെന്റർ ഫ്രീഡം'

**ഹാരിസ് നെൻമേനി**

ബഹുവർണ്ണച്ചായം തേച്ച്, മനസ്സു പിടിച്ചെടുക്കുന്ന മുദ്രാവാക്യങ്ങൾ എഴുതിപ്പതിപ്പിച്ച ഒരു സൈക്കിൾ. അകലേ നിന്നേ കാണുംവിധം ക്രമീകരിച്ചിരിക്കുന്ന നിറമേഴും കൊണ്ട് തൊങ്ങലിട്ട മടിശ്ശീല.

ഒരു ചിത്രശലഭം മന്ദവേഗത്തിൽ പാറിവരുന്നതാണെന്നുതോന്നും അകലെ നിന്ന് നോക്കുമ്പോൾ രാകേഷ് കുമാർ സിംഗും അയാളുടെ സൈക്കിളും.

പുറം കാഴ്ച കൊണ്ടുമാത്രമല്ല യാത്രാ ഉദ്ദേശം കൊണ്ടും അങ്ങനെ തന്നെയാണ്. നിറയെ ചിത്രശലഭങ്ങൾ പാറുന്ന വർണ്ണാഭമായ ഒരു ലോകം സ്വപ്നം കാണുന്ന തമിഴ്നാട്ടിൽ നിന്നും ഹിമാലയത്തിലേക്ക് സൈക്കിളിൽ യാത്ര നടത്തുന്ന ഡൽഹിക്കാരനായ ഈ പത്രപ്രവർത്തകൻ.

സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾക്കും വിവേചനങ്ങൾക്കും എതിരെ സമൂഹശ്രദ്ധ ഉണർത്തുക എന്ന ലക്ഷ്യത്തോടെ 'റൈഡ് ഫോർ ജെന്റർ ഫ്രീഡം' എന്ന മുദ്രാവാക്യവുമായി ഒറ്റയാൾ പോരാട്ടം നടത്തുന്ന ഈ ആക്ടിവിസ്റ്റിനെ തമിഴ്നാടും കേരളവും പിന്നിട്ട് കർണ്ണാടകയിലേക്ക് മുന്നേറുന്നതിനിടെയാണ് കണ്ടുമുട്ടുന്നത്. പിന്നെ അതിഥിയായി ഒപ്പം ഏതാനും ദിവസങ്ങൾ. ഇടയിൽ 4000 കിലോമീറ്റർ പിന്നിട്ട ഉദ്യമത്തിന്റെ കലവറയില്ലാത്ത അനുഭവങ്ങളെപ്പറ്റി, 2007 ൽ മാത്രം അവസാനിക്കുന്ന 1900 കിലോമീറ്റർ നീളുന്ന യാത്രയുടെ പ്രതീക്ഷകളെയും ലക്ഷ്യങ്ങളെയും പറ്റി നിറയെ സംസാരിക്കുന്നു രാകേഷ്.

*ഇതുപോലൊരു സാഹസിക ഉദ്യമത്തിനു പിന്നിലുള്ള പ്രചോദനം? ഉദ്ദേശ ലക്ഷ്യങ്ങൾ, യാത്രാരംഭം.*

സ്ത്രീകളെയും അവരുടെ ജീവിതങ്ങളെയും ഞാൻ വളരെയധികം ബഹുമാനിക്കുന്നു, സ്നേഹിക്കുന്നു. ബിഹാറിലെ സാധാരണ ഗ്രാമീണരായ എന്റെ കുടുംബത്തിൽ നിന്ന് പകർന്നു കിട്ടിയതാവാം അത്. ഈയടുത്ത കാലത്ത് സ്ത്രീകൾക്കെതിരായി വർദ്ധിച്ചുവരുന്ന അക്രമങ്ങൾ, കയ്യേറ്റങ്ങൾ.... എല്ലാം നിങ്ങളും കാണുന്നതാണല്ലോ. ഇതിനെതിരെ

2014 ഏപ്രിലിലാണ് രാകേഷിന്റെ സൈക്കിൾ യാത്രയുടെ തുടക്കം. 20,000 കിലോമീറ്ററെങ്കിലും സൈക്കിളോടിച്ച് 2017 ഏപ്രിൽ ലോവർ ഹിമാലയം വരെ സഞ്ചരിച്ച് 3 ലക്ഷം ആളുകളുമായെങ്കിലും ആശയവിനിമയം നടത്താനാണ് രാകേഷ് ഉദ്ദേശിക്കുന്നത്.

എന്തെങ്കിലും ചെയ്യണമെന്ന് മനസ്സ് പറഞ്ഞു. പല വഴികളും ആലോചിച്ചു. അവസാനം ഇങ്ങനെയൊരു യാത്ര എന്ന തീരുമാനത്തിൽ എത്തി ഉറച്ചു.

സമത്വത്തിനും സ്വാതന്ത്ര്യത്തിനും മാന്യവും സുരക്ഷിതവുമായ ജീവിതം നയിക്കുന്നതിനുമുള്ള അവകാശം എല്ലാവർക്കും തുല്യമായുള്ളതാണ്. സ്ത്രീകൾ മാത്രം വിവേചനം അടിച്ചേൽപിച്ച് മാറ്റി നിർത്തപ്പെടേണ്ടവരല്ല. ജന്റർ ഫ്രീഡം- ഈ ഉദ്ദേശങ്ങളും ആശയങ്ങളും ഉയർത്തിയാണ് പ്രാഥമികമായി യാത്ര ആരംഭിച്ചത്.

രാജ്യത്തിന്റെ തെക്കേ അറ്റമായ തമിഴ്നാട്ടിൽ നിന്നാണ് തുടക്കം. പിന്നെ ആ സംസ്ഥാനത്തെ വൻനഗരങ്ങൾ, ഗ്രാമങ്ങൾ, ഉൾപ്രദേശങ്ങൾ.. അതെല്ലാം കടന്ന് കേരളത്തിലേക്ക്. ഇവിടെ ഇടുക്കി, പാലക്കാട്, കാസർഗോഡ് ഒഴികെയുള്ള എല്ലാ ജില്ലകളിലും സഞ്ചരിച്ചു. ഇപ്പോഴിതാ വയനാട്ടിൽ. ഇനി കർണ്ണാടക, ആന്ധ്ര, തെലുങ്കാന.. അങ്ങനെ.

*എങ്ങനെയാണ് യാത്രാ പരിപാടിയുടെ ക്രമീകരണങ്ങൾ? എന്ന് ലക്ഷ്യത്തിലെത്താമെന്നാണ് പ്രതീക്ഷ?*

2014 ഏപ്രിലിലാണ് തുടക്കം. 2017 ഏപ്രിൽ ലോവർ ഹിമാലയം വരെയെങ്കിലും സഞ്ചരിച്ച് അവസാനിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. അതിനിടെ 20,000 കിലോമീറ്ററെങ്കിലും സൈക്കിളോടിക്കണം. 3 ലക്ഷം ആളുകളുമായെങ്കിലും ആശയവിനിമയം നടത്തണം.

*ആശയവിനിമയത്തിന്റെ ഭാഷ തടസ്സമാവുന്നുണ്ടോ? പ്രത്യേകിച്ച് തെക്കെ ഇന്ത്യയുടെ ഈ ഭാഗങ്ങളിൽ?*

നോക്കൂ, നമ്മളിപ്പോൾ സംസാരിക്കുന്നത് ഇംഗ്ലീഷിലാണ്. തമിഴ്നാട്ടിലും കേരളത്തിലും ഹിന്ദിയും ഇംഗ്ലീഷും മതിയാവും. പ്രയാസമുണ്ടാവുമ്പോൾ ഞാൻ ട്രാൻസ്ലേറ്റർമാരുടെ സഹായം തേടുന്നു. പിടിച്ചുനിൽക്കാൻ വേണ്ട ചില ചില്ലറ തമിഴ്, മലയാളം വാക്കുകൾ ഞാൻ യാത്രയ്ക്കിടെ തന്നെ പഠിക്കാൻ ശ്രമിക്കുന്നുണ്ട്. ചേട്ടാ, തണ്ണി, വെയിൽ, ഭക്ഷണം ഇങ്ങനെ. ഇനി വടക്കോട്ട് നീങ്ങുന്തോറും ഭാഷ പ്രശ്നമേയല്ലാതാവും. ഇവിടെ കേരളത്തിലും ഇപ്പോൾ നിറയെ ഹിന്ദിക്കാരുണ്ടല്ലോ, ജോലി തേടി വന്നവർ (ചിരിക്കുന്നു).

*ആശയപ്രചരണ ഉപാധികൾ എന്തെല്ലാമാണ്?*

എന്റെ ഈ സൈക്കിൾ തന്നെ ഒരു പ്രധാനപ്പെട്ട ഉപാധിയല്ലേ. ഇത് എല്ലായിടത്തും ആളുകളെ ആകർഷിക്കുന്നു. അതിലൂടെ മുമ്പോട്ടുവെക്കുന്ന ആശയങ്ങൾ മറ്റുള്ളവരിലെത്തിക്കാനും പ്രാഥമികമായി കഴിയുന്നു. ചെറുകൂട്ടങ്ങളോടുള്ള സംഭാഷണങ്ങൾ, സ്കൂളുകളിലും കോളേജുകളിലുമുള്ള മുഖാമുഖങ്ങൾ, പോസ്റ്റർ പ്രദർശനങ്ങൾ, വീഡിയോ ഷോകൾ, സിനിമാ പ്രദർശനങ്ങൾ, പാവനാടകം, തദ്ദേശീയരായ സൈക്ലിസ്റ്റുകളോടൊത്തുള്ള പ്രദർശന പര്യടനങ്ങൾ.... അങ്ങനെയുള്ള ഉപാധികളെല്ലാം ഉപയോഗിക്കുന്നു.

*നിറയെ അനുഭവങ്ങളുണ്ടായിരിക്കുമല്ലോ യാത്രയ്ക്കിടയിൽ?*

ഒരുപാടുണ്ട്. ഓരോ മണിക്കൂറും പുതിയ അനുഭവങ്ങൾ തരുന്നു. യാത്ര കന്യാകുമാരിയിലെത്തിയപ്പോൾ ഉണ്ടായ അനുഭവം കേൾക്കൂ. അവിടെ കച്ചവടം നടത്തുന്ന 3 മുസ്ലിം യുവാക്കൾ എന്നെ വന്നു പരിചയപ്പെട്ടു. രാത്രി കൂടെ താമസിക്കാൻ ക്ഷണിച്ചു. തുടർന്നുള്ള ദിവസങ്ങളിൽ അവർ പരിപാടികളും മീറ്റിംഗുകളും സംഘടിപ്പിച്ചു. അങ്ങനെ 3 ദിവസം. ഞാൻ അടുത്ത സ്ഥലത്തേക്ക് നീങ്ങാൻ പദ്ധതിയിട്ടു. പക്ഷേ ഈ യുവാക്കൾ എന്നെ വിടാൻ ഭാവമില്ലായിരുന്നു. ഭയ്യാ, ഒരു ദിവസം കൂടി.. ദയവായി നമുക്ക് ഇന്ന സ്ഥലത്ത് ഒരു പരിപാടിയുണ്ട്. അല്ലെങ്കിൽ ഈ ഗ്രാമത്തിൽ പോയേ തീരൂ എന്നിങ്ങനെ എന്നെ വിടാതെ പിന്തുടർന്നു. ഉച്ചയാവുമ്പോഴേക്കും കടകളടച്ച് അവർ എന്റെ യൊപ്പം വരാൻ തുടങ്ങി. അങ്ങനെ 11 ദിവസങ്ങൾ. അവിടെ നിന്നും നീങ്ങാൻ രക്ഷയില്ലെന്നായി. സമയക്രമീകരണത്തെ പറ്റി ഭയം തോന്നിത്തുടങ്ങിയപ്പോൾ ഞാൻ അടുത്ത സ്ഥലത്തേക്ക് നീങ്ങാനുറച്ചു. അപ്പോൾ അവർ എന്റെ സൈക്കിളിംഗ് ഷൂവെടുത്ത് ഒളിപ്പിച്ചുവെച്ചു. അതില്ലാതെയും ഞാൻ യാത്ര തുടരും എന്നായപ്പോഴാണ് അവരത് തിരികെ തന്നത്. ഞാൻ യാത്ര പറഞ്ഞത് അവർക്ക് വലിയ ദു:ഖമായി. മറ്റൊരിടത്തുണ്ടായ അനുഭവവും കൗതുകകരമായിരുന്നു. ജന്മനാ സംസാരശേഷിയും കേൾവിശക്തിയും ഇല്ലാത്ത ഒരാൾ എന്നെ കുറേ നേരം പിന്തുടർന്നു. രാത്രിയിൽ അയാളുടെ വീട്ടിലേക്ക് എന്നെ ക്ഷണിച്ചു. ആംഗ്യവിക്ഷേപങ്ങളോടെയായിരുന്നു ഞങ്ങളുടെ ആശയവിനിമയം. ഞാൻ അയാളുടെ കൂടെ പോയി. രണ്ട് മുറികൾ മാത്രമുള്ള ആ വീട് നിറയെ ആളുകളായിരുന്നു. എല്ലാവരോടും അയാൾ ആംഗ്യഭാഷയിൽ സംസാരിച്ചു. എന്നെയും എന്റെ മിഷനെയും കുറിച്ച് പരിചയപ്പെടുത്തി. നേരം വെളുക്കുവോളം ഉറങ്ങാൻ കഴിയാത്ത വല്ലാത്ത ഒരു രാത്രിയായിരുന്നു അത്. അങ്ങനെ എത്ര അനുഭവങ്ങൾ. എല്ലാം ചേർത്ത് ഒരു പുസ്തകം മനസ്സിലുണ്ട്. ഇപ്പോൾ ബ്ലോഗിലെയും ഫേസ്ബുക്കിലെയും പേജുകളിൽ ഞാൻ കുറേയൊക്കെ എഴുതിയിടുന്നുണ്ട്.

*മൂന്ന് മുഴുവൻ വർഷങ്ങൾ നീണ്ടുനിൽക്കുന്ന യാത്ര. കുടുംബവും നാടുമൊക്കെ മിസ്സ് ചെയ്യുന്നുണ്ടോ?*

സ്വാഭാവികം. പിന്നെ വിദേശത്ത് ജോലി ചെയ്യാനായി ആളുകൾ എട്ടും പത്തും വർഷം മാറി നിൽക്കുന്നില്ലേ. അതുപോലെ കരുതിയാൽ മതി. എന്റെ മാതാപിതാക്കൾ ബീഹാറിലാണ്. ഞാനും ഭാര്യയും കുഞ്ഞും ഡൽഹിയിലും. ഭാര്യ വക്കീലായി പ്രാക്ടീസ് ചെയ്യുന്നു. ഏക മകൾ നാലാം

...... *അടുത്ത പേജിൽ*

....റൈഡ് ഫോർ ജെന്റർ ഫ്രീഡം

*യാത്രയുടെ ചിലവ്?*

സുഹൃത്തുക്കളുടെ സഹായമുണ്ട്. ചിലപ്പോൾ ചില സംഭാവനകളും ലഭിക്കുന്നുണ്ട്. പിന്നെ പലപ്പോഴും ആഹാരവും താമസവുമൊക്കെ സഹൃദയരും സമാന മനസ്കരുമായ ആളുകളുടെ കൂടെയാകും. ഇപ്പോൾ നിങ്ങളെ കണ്ടുമുട്ടിയതുപോലെ കോഴിക്കോട്ടു വെച്ച് പരിചയപ്പെട്ട ഒരു അർജ്ജുനുണ്ട്, കമ്പ്യൂട്ടർ എഞ്ചിനീയർ. അയാളാണ് ചുരം കടത്തി തന്റെ ജീപ്പിൽ എന്നെ കൊണ്ടുവന്നുവിട്ടത്. ഇനി വന്യമൃഗങ്ങളുള്ള കാട് കടത്തിവിടാനും അയാൾ വരും. താമസിക്കാൻ ഇടം കിട്ടാത്ത അവസരങ്ങളും ഉണ്ടാവാറുണ്ട്. അന്നേരം ഞാനെന്റെ സ്ലീപ്പിംഗ് ബാഗിലാണ് ഉറങ്ങുക.

*ഭക്ഷണം ഒരു പ്രയാസമാവാറുണ്ടോ?*

ഓരോ സ്ഥലത്തും അതാതിടങ്ങളിലെ രീതികളോട് പൊരുത്തപ്പെടും. നോർത്തിന്ത്യക്കാർക്ക് പഥ്യമല്ലാത്ത ബീഫടക്കം എല്ലാം കഴിക്കും. നിങ്ങൾ ഇന്ന് പ്രാതലിന് വിളമ്പിയ പത്തിരി ഞാൻ ജീവിതത്തിലാദ്യമായിട്ടാണ് കഴിക്കുന്നത്. കാലാവസ്ഥാ വ്യതിയാനങ്ങൾ ഉടലിൽ ഏറ്റുവാങ്ങിയാണ് യാത്ര എന്നതിനാൽ ഞാൻ ധാരാളം വെള്ളം കുടിക്കാൻ ശ്രദ്ധിക്കുന്നുണ്ട്.

*കേരളത്തിലെ പ്രയാണം അവസാനിക്കുകയാണല്ലോ. എന്തെല്ലാമാണ് തുടർയാത്രയെ കുറിച്ചുള്ള പ്രതീക്ഷകൾ?*

നിലവിൽ ഞാനൊരൽപം പിറകിലാണ്. അതുകൊണ്ട് പ്രതീക്ഷിച്ച സമയത്ത് യാത്ര അവസാനിപ്പിക്കണമെങ്കിൽ കുറച്ചുകൂടി സാഹസപ്പെടേണ്ടിവരും. എന്നാലും പ്രതീക്ഷയുണ്ട്. നോക്കൂ, ലോകത്തൊരിടത്തും സഹജീവിതങ്ങളെ ഉപദ്രവിക്കേണ്ടത് എങ്ങനെയെന്നോ, അവരോട് മോശമായി പെരുമാറേണ്ടത് എങ്ങനെയെന്നോ പഠിപ്പിക്കുന്ന സ്കൂളുകളില്ല. ഒരു കുടുംബവും അത് പ്രോത്സാഹിപ്പിക്കുന്നില്ല. പക്ഷേ എന്നിട്ടും എവിടെ നിന്നെല്ലാമോ പഠിച്ച് അതെല്ലാം പ്രയോഗിക്കപ്പെടുന്നു. നിർഭാഗ്യവശാൽ ദാ, ആ കമ്പ്യൂട്ടറും ഈ ഫോണും നിറയെ വിവിധ തരം അതിക്രമങ്ങൾക്ക് ഇരയാക്കപ്പെട്ട സ്ത്രീകളുടെ ചിത്രങ്ങളാണ്. (ചിലവ കാണിക്കുന്നു). ഇപ്പോൾ കണ്ണിന്റെ സ്ഥാനത്ത് രണ്ട് കുഴികൾ മാത്രമുള്ള, കരിഞ്ഞ് വികൃതമായ മുഖവും ശരീരഭാഗങ്ങളുമുള്ള ഇവരൊക്കെ ഒരു കാലത്ത് സുന്ദരികളായ സ്ത്രീകളായിരുന്നു. സൗന്ദര്യമുണ്ടായിരുന്നതിന്റെ പേരിൽ കാടത്തത്തിന് ഇരയാകേണ്ടി വന്നവരാണ് ഇവരിൽ പലരും. അങ്ങനെ ലോകത്ത് എത്ര നിർഭാഗ്യ ജന്മങ്ങൾ

ഇനിയൊരിക്കലും ആർക്ക് നേരെയും ഇത്തരം ക്രൂരതകൾ ഉണ്ടാവാതിരിക്കട്ടെ എന്ന് ആഗ്രഹിക്കുന്ന ആളാണ് ഞാൻ. അങ്ങനെ പ്രാർത്ഥിക്കുകയും ചെയ്യുന്നു. അതിനായി എന്നെക്കൊണ്ട് ആവുന്നത് ഞാൻ ചെയ്തുനോക്കുന്നു. അത്രമാത്രം. അത്രയെങ്കിലും....

ശുഭയാത്ര

രാകേഷ്.

# മററമ്മയുടെ കുട്ടമ്മാൻ

സി.പി. സുരേഷ്ബാബു

വലിയൊരു വടിയും കുത്തി പ്രാഞ്ചി പ്രാഞ്ചി വരുന്ന ആളെ ദൂരെ നിന്ന് കണ്ടപ്പോൾ തന്നെ ഞാനുറക്കെ വിളിച്ചുകൂവി- "അമ്മേ, ഉറിയും കൊണ്ട് നായാടി വരുന്ന്ണ്ട്" - ചെറിയമ്മാവൻ എന്നെ രൂക്ഷമായി നോക്കി. എന്നിട്ട് പതുക്കെ പറഞ്ഞു. "നായാടിയൊന്നും അല്ല. കണ്ണിപറമ്പിലെ കുട്ടമ്മാനാ അത്" - ഞാനിതുവരെ നേരിൽ കാണാത്ത കുട്ടമ്മാൻ. ഓടിപ്പോയി പറമ്പിൽ പണിക്ക് നേതൃത്വം കൊടുക്കുന്ന അമ്മയുടെ അച്ഛനോട് പറഞ്ഞു. അച്ഛന്റെ മുഖത്ത് പ്രത്യേകിച്ചൊരു ഭാവഭേദവും കണ്ടില്ല. തെക്കെപ്പാട്ടെ ഗോപാലപ്പാടിയോ ഒ.എൻ. ഗോവിന്ദൻമാഷോ വന്നാൽ എത്ര തിരക്കായാലും ഓടിവരും. നെടുമ്പുരയിൽ പുൽപ്പായയിലിരുന്ന് ഗോപാലപ്പാടി വള്ളത്തോളിന്റെ ശിഷ്യനും മകനും ചൊല്ലും. ഒ.എൻ. മാഷ് അതിന്റെ ആസ്വാദനം നിർവ്വഹിക്കും. മൊട്ടത്തലയും ചൊറിഞ്ഞ് ഒരു കുട്ടിയുടെ ഔത്സുക്യത്തോടെ അച്ഛൻ ഇരിക്കും. പിന്നെ കിടക്കും - മഹാവിഷ്ണുവിന്റെ അനന്തശയനം പോലെ-

കുട്ടമ്മാന് കാല് കഴുകാൻ വെള്ളം കൊടുത്തു. "ഒന്നും വേണ്ട കുട്ട്യേ.. ഞാനിവിടെയിരുന്നോളാം." വീടിന്റെ പുറന്തിണ്ണയിൽ കുട്ടമ്മാൻ ഇരുന്നു. ഒരു പാത്രം നിറയെ സംഭാരവുമായി മററമ്മ ഓടിവന്നു. കുട്ടമ്മാൻ ഒററവലിക്ക് സംഭാരം മുഴുവൻ കുടിച്ചുതീർത്തു- പാത്രം കഴുകി കമഴ്ത്തി വെച്ചു.

"ഇങ്ങോട്ട് കേറിയിരുന്നോളൂ അമ്മാമാ- ഇവിടെ അങ്ങനത്തെ ആചാരം ഒന്നൂല്ല്യ." "വേണ്ട നാണ്യേ.... ഇത്ര നാളും ആചാരം നോക്കി ജീവിച്ചു - ഇനി എത്ര കാലം?" കുട്ടമ്മാൻ നെടുവീർപ്പിട്ടു.

മററമ്മ ആ കൈകൾ കൂട്ടിപ്പിടിച്ചു. എന്നിട്ട് പറഞ്ഞു: "ഞാൻ ചായ കാച്ചിതരാം. കുളി കഴിഞ്ഞ് വന്നാൽ ഊണ് കഴിക്കാം - എല്ലാം കാലായിട്ടുണ്ട്."

കുട്ടമ്മാന്റെ കണ്ണിൽ നിന്നും കണ്ണുനീർ ധാരധാരയായി പ്രവഹിച്ചു. "നീയും നിന്റെ കുട്ട്യോളും നന്നായി വരും നാണ്യേ.. നല്ല വിശപ്പുണ്ട്. കുളിക്ക്ണ്ല്ല്യ. എനിക്ക് ചോറിവിടെ തന്നാൽ മതി."

എത്ര നിർബന്ധിച്ചിട്ടും കുട്ടമ്മാൻ അകത്തേക്ക് കയറിയില്ല. ആ പുറന്തിണ്ണയിലിരുന്നു ചോറുണ്ടു. സന്തോഷത്തോടെ ഏമ്പക്കം വിട്ടു. ഇലയെടുത്ത് പുറത്തേക്ക് കളഞ്ഞു. അവിടെ പാററിത്തളിച്ചു- "ഞാൻ വരട്ടെ നാണ്യേ..." കുട്ടമ്മാൻ മടങ്ങി.എന്താ കുട്ടമ്മാൻ അകത്തേക്ക് കേറാത്തത്. മററമ്മ നെടുവീർപ്പിട്ടു. "എന്റെ കുട്ടമ്മാൻ ജയിലില് കിടന്നതാ. സമുദായം ഭ്രഷ്ടാക്കി. ശിവൻറമ്പലത്ത്ന്ന് ചന്ദ്രക്കല കട്ടു എന്ന് പറഞ്ഞ് പൊല്ലീസ്കാര് പിടിച്ചുകൊണ്ടുപോയി. ചന്ദ്രക്കല പോയി ഒരു ചന്ദനോടകം പോലും കക്കാൻ എന്റെ കുട്ടമ്മാന് കഴിയ്ല്ല്യ" - പിന്നെയെപ്പോഴോ ഞാനറിഞ്ഞു. "ഇല്ലത്തെ കുട്ടിക്കാവിന്റെ മനസ്സാ കുട്ടമ്മാൻ മോഷ്ടിച്ചത്. അതറിഞ്ഞ് വല്ല്യമ്പൂരിക്ക് വലിയ അസ്കിതയായി. അപ്പോ കുബുദ്ധികളാരോ ഉപദേശിച്ചു. ആ ചന്ദ്രക്കല തൽക്കാലം മാററിവെച്ച് അത് കുട്ടൻ കട്ടതാണെന്ന് പറഞ്ഞാ മതി." "പാവം... പെരുവഴിയിലൂടെ ഭ്രാന്തനെപ്പോലെ അലയാനാ എന്റെ കുട്ടമ്മാന്റെ വിധി"

*(മററമ്മയെന്ന് പേരക്കുട്ടികൾ വിളിച്ചിരുന്ന ചിററാരി പിഷാരത്ത് നാരായണി മഹത്തായ ജീവിതം നയിച്ച സാധാരണക്കാരിയാണ്.പ്രകാ.ശം പരത്തുന്ന, നമ്മുക്കിടയിൽ ജീവിച്ച,ഇപ്പോഴും ജീവിക്കുന്ന സാധാരണക്കാരായ മഹാത്മാക്കളുടെ പ്രതിനിധിയാണ് മററമ്മ-എഡിറ്റർ)*

മനസ്സ് അറിഞ്ഞ് ജാഗ്രതയോടെ തുറന്ന കണ്ണും ഹൃദയവും കൊണ്ട് യാത്ര ചെയ്താൽ ഇത്തിരി വട്ടത്തിലുള്ള ചെറിയ യാത്രകളും സുന്ദരവും ഹൃദ്യവുമാകും.



എസ്. ശാരദക്കുട്ടി

# പതുക്കെയുള്ള യാത്രകൾ

ബിജു ജോൺ

ബസ് യാത്രക്കാർ കുസൃതിക്കണ്ണ് തുറന്നിരിക്കുന്നതുകൊണ്ടാണ് ഗീതാഹിരണ്യന് ഇറ്റാലോ കാൽവിനോ തൃശൂർ എക്സ്പ്രസില് എന്നെ കഥ എഴുതാനായത് എന്ന് എസ്. ശാരദക്കുട്ടി എഴുതിയത് വായിച്ചപ്പോൾ വല്ലാത്ത സന്തോഷം തോന്നി. എഴുത്തുകാരുടെ സഞ്ചാര അനുഭവങ്ങൾ ചേർത്ത് മാതൃഭൂമി പ്രസിദ്ധീകരിച്ച സജി വർഗീസ് എഡിറ്റ് ചെയ്ത 'ഏഥൻസ് ' മുതൽ ഹരിദ്വാർ വരെ എന്ന പുസ്തകത്തിൽ ആണ് വളരെ വ്യത്യസ്തമായ നിരീക്ഷണങ്ങൾ യാത്രയെക്കുറിച്ച് ശാരദക്കുട്ടി രേഖപ്പെടുത്തിയിരിക്കുന്നത്. പതിവ് ബസ് യാത്രയുടെ അനുഭവങ്ങളും വിവരണവും പുസ്തകത്തിൽ സ്ഥാനം പിടിക്കുന്നു.

" ഉദ്യോഗസ്ഥരുടെ പതിവ് യാത്രകൾ നിശ്ചിത ദൂരത്തേക്ക് മാത്രമുള്ളതാണ്. അതിൽത്തന്നെ സ്ത്രീകളുടെ യാത്രകൾക്ക് സ്ഥലവും സമയവും കൃത്യമായി നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. ഹിമാലയ യാത്രയുടെ ദാർശനിക സൗന്ദര്യമോ കാശ്മീർ യാത്രയുടെ പരിവേഷ ഭംഗിയോ ഉണ്ടാവില്ല അവയ്ക്ക്. യാത്രാവിവരണത്തിനുള്ള ഗൗരവവും ഉണ്ടായെന്നുവരില്ല. പക്ഷേ 'ബുദ്ധന്റെ വചനങ്ങളോളം തന്നെ പ്രധാനമാണ് പുഴുവിന്റെ നടത്തവും '. ഏതു യാത്രയ്ക്കും അനുഭവത്തിലും അതർഹിക്കുന്ന പദവിയും അംഗീകാരവും കിട്ടിയേ തീരൂ. ഏത് ചെറിയ യാത്രയും അതിന്റേതായ ഗൗരവം ആവശ്യപ്പെടുന്നുണ്ട്. വൈലോപ്പിള്ളി പറഞ്ഞതുപോലെ ഓരോ എണ്ണപ്പുഴുവും ലക്ഷ്യത്തിലേക്കുള്ള യാത്രയിലാണ് അതിനെ തടസപ്പെടുത്താൻ ആർക്കും അവകാശമില്ല."

കുമളിയിൽ നിന്ന് കാലത്ത് പുറപ്പെട്ട് മാവേലിക്കര വരെ പോകുന്നു 'ലവ് ഡെയ്സ് എന്ന ലിമിറ്റഡ് സ്റ്റോപ്പ് സൂപ്പർ ഫാസ്റ്റ് ബസ്സി'ലെ ജോലി ആവശ്യാർത്ഥമുള്ള പതിവ് യാത്രയും ഹൃദ്യമായ അനുഭവങ്ങൾ നൽകിയതായി എസ്. ശാരദക്കുട്ടി പറയുന്നു. പതിവ് യാത്രകൾ ഒരുപാട് നല്ല സാഹിത്യരചനകൾക്ക് നിമിത്തമായതായി ശാരദക്കുട്ടി വൈലോപ്പിള്ളിയുടെ ചേറ്റുപുഴയും മോപ്പസാങ്ങിന്റെ ചെക്ക്മേറ്റും, അഞ്ജലീനായരുടെ ഹാപ്പി ജേർണിയും മുൻനിർത്തി ശാരദക്കുട്ടി പറയുന്നു.

ശാരദക്കുട്ടീയുടെ യാത്രാ സങ്കൽപ്പങ്ങൾ ആലോചനക്ക് വിഷമമാകേണ്ടതാണ്. യാത്രകൾ എന്നാൽ വലിയ യാത്രകൾ തന്നെയല്ല ചെറിയ യാത്രകളും ആണ്.

നാല് ദിവസം നീളുന്ന പഠനയാത്ര കഴിഞ്ഞ് മടങ്ങിവരികയാണ് വിദ്യാർത്ഥികളുടെ സംഘം. ബസ്സിൽ തളർന്ന് എല്ലാ ഊർജ്ജവും ചോർന്ന് പോയ നിലയിൽ ഇരിക്കുകയാണ്. യാത്ര പോകുമ്പോൾ ഉണ്ടായ ഉൽസാഹവും ആഹ്ലാദവും മടങ്ങിവരുമ്പോൾ ചോർന്ന് പോവുന്നതെന്ത്കൊണ്ടാണ് ? സത്യത്തിൽ ഓരോ യാത്രയും നമ്മെ കൂടുതൽ ഉന്മേഷവാന്മാരും ഊർജ്ജസ്വലരും ാാാകേണ്ടതാണ്. പതിവ് ജീവിതരീതികളിൽ നിന്ന് മാറി മറ്റൊരു ഇടവും സാഹചര്യവും അന്വേഷിച്ചു പോകുമ്പോൾ ഉണ്ടാകുന്ന 'ഫ്രെഷ്നസ്സ് ' ആണ് പലരെയും യാത്ര ചെയ്യാൻ പ്രേരിപ്പിക്കുന്നത്. പുതിയ പുതിയ കാര്യങ്ങൾ പഠിക്കാൻ യാത്ര ചെയ്യുന്നവർ ആണ് മറ്റൊരു കൂട്ടർ. യാത്രാവിവരണം എഴുതാൻ പ്രസാധകനുമായി കരാറിൽ ഏർപ്പെട്ടതിന് ശേഷം യാത്ര പോകുന്നവരുമുണ്ട്.

യാത്ര എങ്ങോട്ട്, എങ്ങിനെ എന്നൊന്നുമല്ല പ്രധാനം. നമ്മുടെ മനോനിലയാണ് പ്രധാനം. ശരീരം മാത്രം യാത്രയ്ക്ക് പോവുകയും മനസ്സ് യാത്ര തുടങ്ങിയയിടത്തു തന്നെയാവുന്ന അനുഭവം ചിലപ്പോൾ ഉണ്ടാകാം. മനസ്സ് അറിഞ്ഞ് ജാഗ്രതയോടെ തുറന്ന കണ്ണും ഹൃദയവും കൊണ്ട് യാത്ര ചെയ്താൽ ഇത്തിരി വട്ടത്തിലുള്ള ചെറിയ യാത്രകളും സുന്ദരവും ഹൃദ്യവുമാകും.

ചുരുങ്ങിയ സമയത്തിനുള്ളിൽ കൂടുതൽ സ്ഥലങ്ങൾ കാണാനുള്ള വെമ്പലിൽ പരക്കംപാഞ്ഞ് ഓടുന്ന യാത്രികരെ കാണാറുണ്ട്. ഇന്ന് വൈകുന്നേരത്തിനകം എത്ര സ്ഥലങ്ങൾ കവർ ചെയ്യാനുണ്ട്, എന്ന് യാത്രികർ പറയുന്നിടത്ത് യാത്രയുടെ രസം തീർന്നു. രാത്രിയിൽ ഓടിത്തളർന്ന് അദ്ധ്വാനക്ഷീണത്തോടെ കിടക്കയിലേക്ക് മറിഞ്ഞ് കാലത്ത് അലാറം വെച്ച് ബാക്കി സ്ഥലങ്ങൾ കൂടി കവർ ചെയ്യാൻ പെടാപ്പാട് പെട്ട് ഒടുവിൽ ഉറക്കവും നഷ്ടപ്പെടുന്നവർ...

അടുത്ത കാലത്ത് കന്യാകുമാരിയിൽ വെച്ച് വിവേകാനന്ദപ്പാറയിലേക്കുള്ള ബോട്ടിന് ടിക്കറ്റ് എടുക്കാൻ 3, 4 മണിക്കൂർ ക്യൂ നിൽക്കുന്നവരെ കണ്ടു. വിവേകാനന്ദനെ വല്ലാതെ ആകർഷിച്ച് സമുദ്രപ്പരപ്പിലെ ആ മനോഹരമായ പാറത്തുരുത്തിൽ വശ്യമായ കാറ്റും ചുറ്റും ഇരമ്പുന്ന മൂന്ന് കടലുകളും കൺനിറയെ കാണാൻ പോലും നിൽക്കാതെ ചുറ്റിനടന്ന് കണ്ട് തിരക്കുപിടിച്ച് മടങ്ങുന്ന യാത്രക്കാർ സത്യത്തിൽ യാത്രയുടെ യാതൊരു ആനന്ദവും അനുഭവിക്കുന്നില്ല എന്നാണ് തോന്നിയത്.

**അക്കു**

# തനിച്ച് യാത്ര ചെയ്യുമ്പോൾ

ട്രെയിനിലും ബസ്സിലുമൊക്കെ തനിച്ച് യാത്ര ചെയ്യുമ്പോൾ വിരസത അനുഭവപ്പെടാതിരിക്കാൻ പല വഴികളും സ്വീകരിക്കാറുണ്ട്. മിന്നിമറയുന്ന ജാലക കാഴ്ചകളിലേക്ക് മനസ്സിനെ സ്വതന്ത്രമാക്കാം. തൊട്ടടുത്തോ മുമ്പിലോ ഇരിക്കുന്ന സഹയാത്രികരിലേക്ക് മുൻവിധികളില്ലാതെ കൂട്ടുചേരാം. സഹയാത്രികരുടെ ഭാവങ്ങളും ചേഷ്ടകളും വർത്തമാനങ്ങളും അവരറിയാതെ നിരീക്ഷിച്ചുകൊണ്ടിരിക്കാം. ഇഷ്ടപ്പെട്ട പുസ്തകത്തിലേക്ക് മുഖം താഴ്ത്തി വായനയുടെ ലോകത്ത് ഒതുങ്ങിക്കൂടാം. ഇടയ്ക്ക് പുസ്തകം മടക്കിവെച്ച് വായന മനസ്സിൽ തീർത്ത കമ്പനങ്ങൾക്ക് ചെവികൊടുക്കാം. കണ്ണടച്ചിരുന്ന് ഓർമ്മച്ചെപ്പിൽ നിന്ന് ഏതെങ്കിലുമൊരു പാട്ടെടുത്ത് വരികൾ മൂളാം.

എത്തിച്ചേരാനുള്ള ഇടത്തെ കുറിച്ചുള്ള വേവലാതികൾക്ക് താൽക്കാലികമായെങ്കിലും അവധിയെടുത്ത്, യാത്രയിലുടനീളം മനസ്സിനെ ഇഷ്ടപ്പെട്ടിടത്തേക്ക് അലയാൻ വിടുന്നതും ആഹ്ലാദകരമായ അനുഭവങ്ങളാണ്. സീറ്റുകിട്ടാതെ തിക്കിത്തിരക്കി നിൽക്കേണ്ടി വരുമ്പോൾ ആൾക്കൂട്ടത്തിനിടയിൽ സ്വയമൊരു കൂടുപണിത് ചുറ്റുപാടുകളെ തൽക്കാലത്തേക്ക് അകറ്റി മനസ്സിനെ ധ്യാനാവസ്ഥയിൽ നിർത്താൻ ശ്രമിക്കുന്നു. അങ്ങനെ വിരസതയുടെ നിമിഷത്തിലും ഏതെങ്കിലുമൊരു രീതി സ്വീകരിക്കുന്നതുകൊണ്ട് ചെറുതോ വലുതോ ആയ ഏതൊരു യാത്രയും വൈവിധ്യമാർന്ന അനുഭൂതികൾ സമ്മാനിക്കുന്നു.

കേട്ടറിഞ്ഞ ചിലരെ യാത്രയിൽ കൂട്ടിന് അവിചാരിതമായി കിട്ടിയിട്ടുണ്ട്. ജീവിതത്തിലെ ഏതാനും നിമിഷങ്ങൾ ഇങ്ങനെയൊരു വ്യക്തിയുടെ കൂടെ ചിലവഴിക്കുകയെന്ന് മുൻകൂട്ടി തീരുമാനിച്ച് എഴുതിവെച്ച പോലെ... ഒരാളുടെയടുത്ത് ചെന്നുപെടുന്നതാണ് യാത്രകൾ നൽകുന്ന ചില ആകസ്മിക രസങ്ങൾ! എം.വി. ദേവൻ, ഉദയഭാനു, ഒ.എൻ.വി., പാലൊളി മുഹമ്മദ്കുട്ടി, പുനത്തിൽ കുഞ്ഞബ്ദുല്ല.... ഇങ്ങനെ ചിലരെ യാത്രയിൽ കണ്ടുമുട്ടിയത് ഇപ്പോഴും ഓർമ്മയിലുണ്ട്.

പേരുപോലും പറയാത്ത സാധാരണക്കാരായ അപരിചിതർ ജീവിതാനുഭവങ്ങളിൽ നിന്ന് കണ്ടെത്തുന്ന തത്വചിന്തകൾ പറയുന്നത് ശ്രദ്ധാപൂർവ്വം കേട്ടറിഞ്ഞിട്ടുണ്ട്. അപൂർവ്വമായി ചില യാത്രികരുടെ സങ്കടം പറച്ചിലുകൾ മനസ്സിനെ നീറ്റിയിട്ടുണ്ട്.

കർണ്ണാടക ട്രാൻസ്പോർട്ടിന്റെ ബസ്സിലെ പിൻസീറ്റിൽ ബാംഗ്ലൂരിലേക്കുള്ള ഒരു രാത്രിയാത്രയിൽ തണുപ്പിന്റെ അസഹ്യതയിൽ ഉറക്കം വരാതിരിക്കുമ്പോൾ അപരിചിതനായ സഹയാത്രികൻ അയാളുടെ കമ്പിളിപ്പുതപ്പ് പങ്കുവെച്ച് തണുപ്പകറ്റിത്തന്ന ഊഷ്മളമായ ഒരോർമ്മ ഇപ്പോഴുമുണ്ട്.

യാത്രയിൽ ക്യാമറയിൽ പകർത്തിയെടുത്ത് നിശ്ചല ചിത്രങ്ങൾ പോലെ ഇപ്പോഴും മനസ്സിൽ മായാതെ നിൽക്കുന്ന ചില മുഖങ്ങളുണ്ട്. യാത്രയ്ക്കിടയിൽ മനസ്സ് പകർത്തിയെടുത്ത് കൊണ്ടുപോന്ന, ഊരും പേരുമറിയാത്ത ചില യാത്രികരുടെ തെളിഞ്ഞ മുഖങ്ങൾ. എണ്ണ തേക്കാതെ പാറിപ്പറന്ന ചെമ്പൻമുടിയുള്ള നാടോടിപ്പെൺകുട്ടി, സീറ്റിൽ ചാരി കണ്ണടച്ചിരിക്കുന്ന വെളുത്തു കൊലുന്നനെയുള്ള, മൂക്കുത്തി ധരിച്ച ഹിന്ദിക്കാരി, തിരുവനന്തപുരം ആർ.സി.സിയിലേക്ക് ചികിത്സയ്ക്ക് പോകുന്ന ബ്ലഡ് ക്യാൻസർ ബാധിച്ച ആൺകുട്ടി, തിരക്കിൽ നിന്ന് യാത്ര ചെയ്യുന്ന ഒരമ്മയുടെ ചുമലിൽ കിടന്നു നിർമ്മലമായി പുഞ്ചിരിച്ച കുഞ്ഞ്... ഇങ്ങനെ എന്റെ മുമ്പിൽ വന്നുനിന്ന, ഇനിയൊരിക്കലും കാണാനിടയില്ലാത്ത എത്രയെത്ര മുഖങ്ങളുടെ നിശ്ചല ചിത്രങ്ങളുടെ നിരയാണ് മനസ്സിൽ. അവരൊക്കെ ഇപ്പോൾ എവിടെയെല്ലാം എത്തിച്ചേർന്നിട്ടുണ്ടാകും? ഒരു കാര്യവുമില്ലാതെ ഇത്തരം ചിന്തകൾ ഇടയ്ക്കെങ്കിലും മനസ്സിൽ വന്നുപോകുന്നു.

ഇനി ഞാൻ ഏതൊക്കെ വണ്ടികളിലായിരിക്കും ചെന്നുകയറുക? എന്നെ കാത്തിരിക്കുന്ന സഹയാത്രികർ ആരൊക്കെയായിരിക്കും? അവർ പുറപ്പെട്ടുകാണുമോ? എന്തൊക്കെ അനുഭൂതികളായിരിക്കും അവർ എനിക്കും ഞാനവർക്കും പകർന്നുനൽകാനായി ഒരുക്കിവെച്ചിട്ടുണ്ടാവുക? നടത്താനിരിക്കുന്ന യാത്രകളുടെ പ്രതീക്ഷകൾ ഇങ്ങനെയൊക്കെയാണ്..

---

**ധ്യാനകഥ**

## കടൽ

നിരന്തരമായി സുമോ ഗുസ്തിയിൽ പരാജയപ്പെട്ട ഒരു ചെറുപ്പക്കാരൻ മാസ്റ്ററെ കാണാൻ എത്തുന്നു. അയാൾ ചോദിച്ചു. നീ കടൽ കണ്ടിട്ടില്ലേ? ഗുസ്തിക്കാരൻ കുപിതനാകുന്നു. ഇല്ല നീ കണ്ടിട്ടില്ല. കാരണം കടൽ നിന്നെ ഒന്നും പഠിപ്പിച്ചില്ല. നാളെ പുലരിയിൽ കടലോരത്ത് ചെല്ലുക. ചമ്രം പടിഞ്ഞ് തിരകളെ ധ്യാനിക്കുക. മനസ്സിനോട് മന്ത്രിക്കുക. നിന്റെ ഉള്ളിലും ഒരു തിരയുണ്ട്.



അയാൾ തിരയെ കണ്ടു. ഒരു തിര തല്ലി മരിക്കുമ്പോൾ അതേ തിരയിൽ നിന്ന് ഉയിർത്തെഴുന്നേൽക്കുന്ന എണ്ണമില്ലാത്ത തിരകൾ... പിന്നീടൊരിക്കലും അയാളുടെ മനസ്സു തളർന്നിട്ടില്ല. നിന്റെ ഉള്ളിൽ പുറത്തുള്ളതിനേക്കാൾ മഴയുണ്ട്, വനമുണ്ട്, ഖനിയുണ്ട്, ആകാശമുണ്ട്, നീയാണ് പ്രപഞ്ചം. ചെരുപ്പുകൾ അഴിച്ചുവെച്ച് അകത്തേക്ക് പ്രവേശിച്ചുകൊള്ളൂ...

# ഭിത്തർകനിക :കണ്ടൽകാടിന്റെ സമൃദ്ധിയിൽ ഒരു ചീങ്കണ്ണി കേന്ദ്രം

**ജയപ്രകാശ് നിലമ്പൂർ**

ഇത്തവണത്തെ ഭാരയാത്ര ഒഡീസായിലൂടെയായിരുന്നു. ഒഡീസയുടെ കിഴക്കൻ തീരത്തെ ഒട്ടേറെ കാഴ്ചകളിലൂടെയുള്ള യാത്ര ചിൽകാ തടാകത്തിൽ നിന്നാണ് ആരംഭിച്ചത്. യാത്രയിൽ ഹൃദ്യമായ അനുഭവമായിരുന്നു. ഭിത്തർകനികയിലെ കണ്ടലുകളിലൂടെയുള്ള ഹരിതയാത്ര. കൂറ്റാൻ ചീങ്കണ്ണികൾ പുളക്കുന്ന ബ്രാഹ്മിണി നദിയിലൂടെയുള്ള ബോട്ട് യാത്ര ഒരേ സമയം സാഹസികവും ഇവിടുത്തെ പരിസ്ഥിതി വ്യൂഹങ്ങളെ അടുത്തറിയാൻ ഉതകുന്നതുമായിരുന്നു. കണ്ടൽകാടിന്റെ സൗന്ദര്യവും വൈവിദ്ധ്യവും ആസദിക്കാനും നൂറുകണക്കായ ദേശാടനപറവകളുടെ സഹജരീതികൾ നിരീക്ഷിക്കാനും മികച്ച അവസരമാണ് ഒഡീസ വനംവകുപ്പ് ഇവിടെ ഒരുക്കിയിട്ടുള്ള ബോട്ട് യാത്ര.

ലോകപ്രശസ്തമായ സുന്ദർബെൻസിന് ശേഷം ഭാരതത്തിലെ രണ്ടാമത്തെ മികച്ച കണ്ടൽവന സമ്പത്തായ ഭിത്തർകനിക നാഷണൽപാർക്ക് ജന്തുസസ്യ സമ്പത്തിനാൽ അനുഗ്രഹീതമാണ്. വിവിധ വിദേശ
രാജ്യങ്ങളിൽ നിന്ന് ദേശാന്തര ഗമനത്തിനെത്തിയ വിവിധയിനം ദേശാടന പക്ഷികളുടെ ബൃഹത്ത് കോളനി കൾ ഒട്ടേറെയുള്ള ഇവിടം അവരുടെ ചിറകടികളാലും കളകൂജനങ്ങളാലും മുഖരിതമാണ്.

ഒഡീസയിലെ പ്രമുഖ പട്ടണമായ കട്ടക്കിൽ നിന്ന് 3 മണിക്കൂർ ബസ്സിൽ സഞ്ചരിച്ച് എത്തിച്ചേരാവുന്ന കേന്ദ്രപറാ ജില്ലയുടെ തീരദേശത്താണ് ഭിത്തർകനിക. കേന്ദ്രപാറയുൽ നിന്ന് ഒരു കിലോമീറ്റർ സഞ്ചരിച്ച് രാജനഗറിലെത്തിയാൽ ലഭിക്കുന്ന ചെറുവാഹനങ്ങളിൽ 23 കിലോമീറ്റർ നെൽപാടങ്ങൾക്കിടയിലൂടെ യഥാർത്ഥ ഇന്ത്യൻ കാർഷിക ഗ്രാമ സഞ്ചാരത്തിലൂടെ മാത്രമേ ഭിത്തർകനികയിൽ എത്തിച്ചേരാനാവൂ. ഇവിടുത്തെ ഫോറസ്റ്റ് ഓഫീസിൽ യാത്രക്കായുള്ള അനുമതിയും വിവരണ പത്രികയും ബോട്ട് പെർമിറ്റും ലഭിക്കും. ഇരുപതു പേർക്ക് യാത്ര ചെയ്യാവുന്ന ബോട്ടിന് സന്ദർശക ഫീസ് ഉൾപ്പെടെ 2500 രൂപയാണ് പ്രതിദിന നിരക്ക്.

ഭിത്തർകനികക്ക് തൊട്ടടുത്തുള്ള, ബ്രാഹ്മിണി നദി കടലിൽ ചേരുന്നയിടത്താണ് പ്രശസ്തമായ ഗാഹിർമാത കടലോര വന്യജീവി സങ്കേതം. വർഷംതോറും എവിടെ മുട്ടയിടാനായി കൂട്ടത്തോടെ എത്തുന്ന ഒലിവ്റിഡ്ലി ആമകളെ നേരിൽ കാണാനും മുട്ട വിരിഞ്ഞിറങ്ങുന്ന ആമക്കുട്ടികളുടെ കടലിലേക്കുള്ള കൂട്ട സഞ്ചാരം ആസ്വദിക്കാനും ക്യാമറയിൽ പകർത്താനുമായി ഡിസംബർ - ജനുവരി മാസത്തിൽ ഒട്ടേറെ പേർ ഇവിടം സന്ദർശിക്കാറുണ്ട്. കടലോര വന്യജീവി സങ്കേതമായ ഗാഹിർമാതായിൽ ഗ്രാമീണർ ആരാധാനാപൂർവ്വമാണ് നൂറുകണക്കിന് വരഷങ്ങളായി ആമകളുടെ സംരക്ഷക്കായി പ്രവർത്തിച്ചുവരുന്നത്.

തങ്ങളുടെ കൃഷിയും കന്നുകാലി സമ്പത്തും സംരക്ഷിക്കുന്ന ദൈവത്തിന്റെ അതിഥികളായാണ് ഇവിടുത്തെ മിക്ക ഗ്രാമങ്ങളിലെയും കർഷകർ ഇവിടെയെത്തുന്ന ആമകളെ കാണുന്നത്. സർക്കാർ തലത്തിൽ ആമ സംരക്ഷണം ഏറ്റെടുത്ത് ഇവയുടെ സംരക്ഷണം ഉറപ്പാക്കിയിട്ടുണ്ട്.

ഒഡീസയുടെ തലസ്ഥാനമായ ഭുവനേശ്വറിൽ നിന്ന് 170 കിലോമീറ്റർ അകലെയുള്ള ഭിത്തർകനിക 2002ൽ റംസാർ സൈറ്റായി പ്രഖ്യാപിച്ചിട്ടുണ്ട്. 1975 ൽ വന്യജീവി സങ്കേതമായി പ്രഖ്യാപിച്ച ഇവിടുത്തെ 672 ചതുരശ്ര കിലോമീറ്ററിൽ കോർ ഏരിയ 145 ചതുരശ്ര കിലോമീറ്റർ നിബിഡ കണ്ടൽ പ്രദേശത്തെ 1998 ലാണ് ദേശീയോദ്യാനമായി പ്രഖ്യാപിച്ചത്. ഒഡീസയിലെ മൊത്തം കണ്ടൽവനങ്ങളുടെ 80 ശതമാനവും കാണപ്പെടുന്ന ഇവിടെ ഉടജാതി സസ്തനികളും 14 ഇനം ഉഭയജീവികളും 42 തരം ഉരഗങ്ങളും 288 ഇനം പക്ഷികളും 312 ഇനം ചിത്രശലഭങ്ങളും മൂന്നൂറിലേറെ ഇനം സസ്യങ്ങളും കണ്ടെത്തി രേഖപ്പെടുത്തിയിട്ടുണ്ട്. കണ്ടൽ വർഗ്ഗത്തിലുള്ള 73 ഇനം സസ്യങ്ങൾ ഇവിടെയുണ്ട്.

ബ്രാഹ്മിണി - ബൈത്തറാണി നദികളുടെ സംഗമകേന്ദ്രം കൂടിയായ ഭിത്തർകനിക ആയിരത്തിലേറെ ചീങ്കണ്ണികളുടെ ആവാസകേന്ദ്രമാണ്. അലസതയിൽ വെയിൽ കാഞ്ഞുകിടക്കുന്ന ഇവയെ നദിക്കരയിലെങ്ങും കാണാം. പുള്ളിമാനും മലാനും കഴുതപ്പുലിയും ഡോൾഫിനും രാജവെമ്പാലയും പെരുമ്പാമ്പുമടക്കം മികച്ച ജന്തുസമ്പത്തുള്ള ഇവയെ സംരക്ഷിക്കാൻ കഴിയാവുന്ന എല്ലാ ശ്രമങ്ങളും ഞങ്ങൾ നടത്തിവരുന്നുണ്ടെന്ന് വൈൽഡ് ലൈഫ് വാർഡൻ കേദാർകുമാർ സ്വാൻ പറയുന്നു. അപൂർവ പക്ഷികളായ കണ്ടൽ പിറ്റയും ഇൻഡ്യൻ സ്ക്കിമ്മറും പക്ഷിനിരീക്ഷകർക്ക് ഇവിടെ അപൂർവ്വ കാഴ്ചയാണ്. സന്ദർശകർക്ക് ഇവയെല്ലാം ബോട്ടിൽ സഞ്ചരിച്ച് കാണാനുള്ള സൗകര്യം വനംവകുപ്പ് ഒരുക്കിയിട്ടുണ്ട്. ഡംഗ്മാലിൽ ചീങ്കണ്ണി വളർത്തൽ കേന്ദ്രവും ഗുപ്തിയിൽ നേച്ചർ ഷോപ്പും പ്രവർത്തിച്ചുവരുന്നു.



# ടിവി ഇല്ലാത്ത വീട്ടിൽ

**ഹാരിസ് നെൻമേനി**

പുതിയ വീട്ടിൽ ടി വി വേണ്ട. കൂടു മാറും മുമ്പ് ഞാനും ഭാര്യയും കൂടി ഒട്ടുവളരെ ആലോചിച്ചാണ് അങ്ങനെ ഒരു തീരുമാനമെടുത്തത്. ഇത്തിരി 'ഹൃദയഭേദക'മായിരുന്നു ആ നിശ്ചയം. വിശേഷിച്ചും എനിക്ക്.

ഫുട്ബോളും ക്രിക്കറ്റും ടെന്നീസും ഉൾപ്പെടെ ഒട്ടനവധിയായ കളികൾ, വാർത്തകൾ, വാർത്താധിഷ്ഠിത പരിപാടികൾ പഴയതും പുതിയതുമായ സിനിമകൾ, തമാശപ്പരിപാടികൾ....എല്ലാം കാണാതിരിക്കുവതെങ്ങനെ..?!

ഒടുവിലേതായാലും നല്ല പാതിയുടെ സ്നേഹനിർബന്ധത്തിന് വഴങ്ങി. ടിവിക്കു പകരം 450 രൂപ വിലയുള്ള അപർണ ബ്രാന്റിന്റെ സാധാരണ റേഡിയോ ഭാര്യാസഹോദരൻ മുഖേന സംഘടിപ്പിച്ചു. കേൾക്കാനും തുടങ്ങി.

ഇപ്പോൾ ടിവിയില്ലാത്ത വീട്ടിൽ രണ്ടു വർഷമാവുന്നു. അറിയാനുണ്ട് വ്യത്യാസം. വിശേഷിച്ചും സമയത്തിന്റെ കാര്യത്തിൽ. ഒന്നിനും അത് തികയാറില്ല എന്നത് എന്റെ സ്ഥിരം പരാതിയായിരുന്നു. ഇപ്പോഴത് സമയം മുമ്പത്തേതിലും കൂടുതലായുണ്ട്. വായിക്കാൻ, ചുമ്മാതിരിക്കാൻ, ആലോചിക്കാൻ, എഴുതാൻ, പരസ്പരം മിണ്ടാൻ....

കൂടുതൽ നേരത്തെ ഉണരുന്ന ഭാര്യ അടുക്കളയിൽ പൊരുതുമ്പോൾ, കുട്ടികളെ സ്കൂളിലേക്കൊരുക്കുമ്പോൾ, മുറ്റമടിക്കുമ്പോൾ, ചെടി നനക്കുമ്പോൾ, 'ശ്രദ്ധ'യും 'സാദര'വും പ്രാദേശികവാർത്തകളുമെല്ലാമായി റേഡിയോ പ്രവർത്തിക്കുന്നുണ്ടാവും ശബ്ദകലുഷിതമല്ലാതെ, ഒരു ജോലിക്കും തടസ്സമാവാതെ. എനിക്ക് വായിക്കുകയോ എഴുതുകയോ ആവാം.

തീൻമേശയിലാണ് മറ്റൊരു പ്രകടമായ വ്യത്യാസം കണ്ടത്. രുചിയും അരുചിയും തിരിച്ചറിയാനാവുന്നുണ്ട്. നല്ല ഭക്ഷണം ചമച്ചതിനുള്ള ക്രെഡിറ്റ് വീട്ടുകാരിക്ക് ഉടനുടൻ കൈമാറാനാവുന്നുണ്ട്.

സ്ക്രീനിൽ ഇളകിപ്പടർന്ന ചോരയോ വിമ്മിഷ്ടപ്പെടുത്തുന്ന വായ്ത്താരികളുടെ ചെടിപ്പോ കുടിച്ചുവറ്റിക്കുകയോ ചവച്ചിറക്കുകയോ വേണ്ടതാനും.

ടിവി ഉള്ള എല്ലാ വീടുകളിലുമെന്നപോൽ പലപ്പോഴും അതിന്റെ മിന്നിത്തിളക്കങ്ങളിലേക്ക് സമാന്തരമായുറച്ചുപോയിരുന്ന നോട്ടങ്ങൾ ടിവിയില്ലാതായപ്പോൾ മറ്റു പലതിലേക്കും ചുറ്റുപാടുകളിലേക്കുമെല്ലാം താന്താങ്ങളിലും തമ്മിൽ തമ്മിലുമെല്ലാം ആയി മാറുന്നതിന്റെ അനുഭവവും തിരിച്ചറിയാനാവുന്നുണ്ട്.

ബാല്യകൗമാരങ്ങളിലേക്ക് പോയിവരാവുന്ന ഒരു പാലം പോലെയായിട്ടുണ്ട് റേഡിയോ ഈ ദിവസങ്ങളിൽ. ഒരു രണ്ട് പതിറ്റാണ്ട് മുമ്പ് വീട്ടിലുണ്ടായിരുന്ന ഏക 'ആഢംബര ഉപകരണ'മായിരുന്നു റേഡിയോ. എത്ര കേട്ടിരിക്കുന്നു, ഏതോ നാട്ടിൽ നടക്കുന്ന, വേറെ ഭൂഖണ്ഡങ്ങളിൽതന്നെ അരങ്ങേറുന്ന കളികളുടെ നേർസാക്ഷിവിവരണങ്ങളും അസംഖ്യം പാട്ടുകളും മറ്റുമായി. പാതിരയെന്നോ പുലർച്ചയെന്നോ വ്യത്യാസമില്ലാതെ.

കത്തെഴുതുമ്പോഴും, പഠിക്കുമ്പോഴും, ചുമ്മാതിരിക്കുമ്പോഴുമെല്ലാം റേഡിയോ പ്രവർത്തിക്കുന്നുണ്ടാവും ബാക്ക്ഗ്രൗണ്ടിൽ.


സുഖദമായ ആ ഓർമ്മകളിലേക്ക് കൊണ്ടുചെന്നെത്തിക്കുന്ന എന്തെങ്കിലും, റേഡിയോയിൽ നിന്ന് മുന്നറിവൊന്നുമില്ലാതെയാണ് പുറപ്പെട്ടുവരിക. 'അച്ചാണി'യിലെയോ, 'തുറമുഖ'ത്തിലെയോ ഒരു പാട്ട്.. അല്ലെങ്കിൽ ഒരു കാലത്ത് ഹൃദയരാഗം തന്നെയായിരുന്ന ഒരു ലളിതഗീതം.

വീട്ടുകാരല്ലാതെ വല്ലവരും വിരുന്നുകാരായി എത്തുമ്പോഴാവും പ്രയാസം എന്ന് ചിലരെങ്കിലും ചോദിച്ചിരുന്നു. വിരുന്നു വരുന്നത് ടിവി കാണാനല്ലല്ലോ എന്നത് അവരോട് പറയാനുള്ള ന്യായം മാത്രമല്ലാതായി മാറി എന്നതാണ് സത്യം. നിറയെ വിശേഷങ്ങൾ പറഞ്ഞും കേട്ടും ഹൃദ്യമായ കുടിയിരുപ്പുകൾ. ഇടയ്ക്ക് അതിഥികളോടൊപ്പമുള്ള ചുറ്റിനടത്തങ്ങൾ, സന്ദർശനങ്ങൾ. ടെലിവിഷനില്ലാത്ത വീടിന്റെ 'പോരായ്മ' ആഗതരും മറന്നേ പോവുന്നു.

'കൊച്ചു ടിവി'യും 'പോഗോ'യുമൊക്കെ കാഴ്ചകളിൽ നിന്ന് സ്വിച്ചിട്ടാലെന്നവണ്ണം മാഞ്ഞുപോയത് കുട്ടികളെ തെല്ല് വിഷമിപ്പിച്ചില്ലെന്നല്ല. ഇടയ്ക്ക് ഡിങ്കന്റെയും മായാവിയുടെയും കഥകൾ കമ്പ്യൂട്ടർ സ്ക്രീനിൽ കാണിച്ച് അവരുടെ മുഖത്തെ തെളിച്ചം തിരിച്ചുപിടിക്കാനുമായി. മുറ്റത്തും പറമ്പിലും കൂട്ടുകൂടി കളിക്കാൻ അവർക്കും കിട്ടുന്നുണ്ട് സമയം.

ഇതെല്ലാം പറയുമ്പോഴും ടെലിവിഷനോട് സന്ധി ചെയ്യാൻ പറ്റാത്തൊരു വിരോധത്തിൽ പെട്ടുപോയി എന്നു ധരിക്കരുതേ. തറവാട്ടുവീട്ടിലും, ഓഫീസിലും, വായനശാലകളിലും, ചങ്ങാതിമാരുടെ വീട്ടിലുമെല്ലാം ചെല്ലുമ്പോൾ ആവശ്യം വേണ്ടത് ഗൗരവത്തോടെ ഒത്ത ശ്രദ്ധയോടെ കാണാറുണ്ട്. വീട്ടിൽ നിന്ന് മാറ്റിനിർത്തിയതോടെ ടിവിയോടുള്ള ബഹുമാനം തന്നെ കൂടിയിരിക്കുന്നു!

സുഹൃത്തുക്കളെ, ഇതത്രയും എന്റെ മാത്രം അനുഭവത്തിന്റെ പകർത്തിവെയ്പ്പുകളാണ്. ടിവിയെ വീട്ടുചുമരിനുള്ളിൽ നിന്നും പടിയിറക്കണമെന്ന് പറഞ്ഞുവരികയേ ആയിരുന്നില്ല. അതുള്ളതതും ഇല്ലാത്തതുമായ വീടുകളിലെ ജീവിതം തന്ന തിരിച്ചറിവുകൾ പങ്കുവെച്ചു എന്നുമാത്രം. കേൾക്കാൻ, പറയാൻ, ആലോചിക്കാൻ, ചുമ്മാതിരിക്കാൻ സമയമുള്ള പുതിയ കൊല്ലവും കാലവും എല്ലാവർക്കും നേരുന്നു.



**മഴ തോർന്നിട്ടും മരങ്ങൾ പെയ്യുമ്പോൾ - 8**

**അക്കു**

# കളിപ്പറമ്പിലെ മരങ്ങൾ

മരങ്ങളുടെ തണൽച്ചോട്ടിൽ കളിച്ചുവളർന്ന ബാല്യകാലമായിരുന്നു ഞങ്ങളുടേത്. നിറയെ ചെടികളും മരങ്ങളും വളർന്നുനിന്ന കളിപ്പറമ്പുകൾ! ഒന്നല്ല, ഒരുപാടുണ്ടായിരുന്നു അവ. ഓരോ സീസണിൽ ഓരോ കളികൾ. മടുപ്പുതോന്നുമ്പോൾ അടുത്ത പറമ്പിലേക്ക് ഞങ്ങൾ സംഘമായി നീങ്ങും. കളിക്കാൻ വേണ്ടത്ര സമയം. മുതിർന്നവരുടെ കാര്യമായ വിലക്കുകളില്ല.

പള്ളിപ്പറമ്പ് മഴയൊഴിഞ്ഞ നാളുകളിൽ തവരക്കാടായി മാറിയിട്ടുണ്ടാകും. ഒരാൾപ്പൊക്കത്തിൽ വളർന്നുനിൽക്കുന്ന തവരക്കാട്ടിലെ ഒളിച്ചുകളിയുടെ ഹരം ഇപ്പോഴും മധുരിക്കുന്ന ഓർമ്മകളാണ്. പരന്നുകിടക്കുന്ന തവരക്കാട് വകഞ്ഞുമാറ്റി ഒളിച്ചുനിൽക്കുന്നവരെ തിരയാൻ പോകുമ്പോൾ തവരത്തലപ്പുകൾ ഇളകിയാടി തിരമാലകൾ സൃഷ്ടിക്കും. കളി മതിയാക്കി കേറിപ്പോകുമ്പോൾ മേലാകെ തവരയിലകളുടെ പച്ചമണമുണ്ടാകും.

ഞങ്ങളുടെ മറ്റൊരു കളിപ്പറമ്പിന്റെ പ്രധാന ആകർഷണം അഞ്ചാറു മരങ്ങളായിരുന്നു.

വലിയൊരു മാവും പുളിയും ഒത്ത നടുക്ക്. ഒരു വശത്ത് പ്ലാവും പൂവത്തിയും ഉങ്ങും. പിന്നെ ഒരു മൂലയിൽ തൊലിക്കുരു എന്നു പേരിട്ടു വിളിച്ച കായ ഉണ്ടാകുന്ന ഒരു പ്രത്യേക മരവും. തൊലിക്കുരു നിറയെ ചുവട്ടിൽ വീണുകിടക്കുന്നുണ്ടാകും. തൊലിപൊളിച്ച് പരിപ്പെടുത്ത് തിന്നാം. നല്ല രുചിയുണ്ടാകും. പക്ഷേ അളവു കൂടിയാൽ ഛർദ്ദിക്കും. ഏറ്റവും രസം ഈ മരത്തിനു ചുവട്ടിൽ കാണുന്ന ജീവികളാണ്. ലേഡിബേർഡിനെ പോലെ ചുവപ്പിൽ കറുപ്പ് പുള്ളികളുള്ള ചെറുപ്രാണികൾ! അവ എപ്പോഴും പരസ്പരം ഒട്ടിപ്പിടിച്ചാണ് സഞ്ചരിക്കുക. ശരീരം ഒട്ടി സയാമീസ് ഇരട്ടകളായി ഓടി നടക്കുന്ന ഈ ചെറു ജീവികളെ കോലെടുത്ത് കുട്ടി വേർപെടുത്തി നോക്കുന്ന കുസൃതിത്തരങ്ങൾ കാണിക്കുന്നവരുണ്ട്. ഈ ജീവിയും ഈ മരവും തമ്മിൽ എന്തോ അദൃശ്യബന്ധം ഉള്ളതായി ഞങ്ങൾ കുട്ടികൾക്ക് അക്കാലത്ത് തോന്നിയിരുന്നു. ഈ മരം അപ്രത്യക്ഷമായതോടെ ഈ ജീവികളും മറഞ്ഞുപോയി.

പറമ്പിന്റെ ഒത്ത നടുക്കുള്ള മാവ് ആർക്കും കയറാൻ ആവാത്ത വിധം ഒറ്റത്തടിയായി ഉയർന്നുപോയതിനു ശേഷം മുകൾത്തട്ടിൽ വെച്ചാണ് ശാഖകളായി പിരിയുന്നത്. മാവിൽ കയറാനാവാത്തതുകൊണ്ട് മാമ്പഴക്കാലത്ത് ചുവട്ടിൽ കാത്തുകെട്ടി നിൽക്കണം. കശുവണ്ടി കുഴിയിലേക്കെറിഞ്ഞ് കളിക്കുന്ന അണ്ടിക്കളിയുടെ കുഴി ഈ മാവിൻമൂട്ടിലായിരുന്നു. മാമ്പഴം പഴുത്തുവീഴാൻ തുടങ്ങുന്ന വേനലിൽ രാത്രികാലങ്ങളിലും ഞങ്ങൾ മാഞ്ചുവട്ടിൽ കൂട്ടുകൂടും. തടിമില്ലിലെ പണിക്കാർ വിറകും മുട്ടികളും കൊണ്ടുപോകാൻ ഉപയോഗിക്കുന്ന കൈവണ്ടികൾ രാത്രികാലങ്ങളിൽ ഈ പറമ്പിലാണ് നിർത്തിയിടുക. ഞങ്ങൾ രാത്രിയിൽ ഈ വണ്ടികളിൽ കിടന്നുകൊണ്ട് സൊറ പറയും. കൂട്ടത്തിൽ മുതിർന്ന ഹൈസ്കൂൾ വിദ്യാർത്ഥിയായ ഇഖ്ബാൽ ടോൾസ്റ്റോയിയുടെ ആക്സിനോവിന്റെ കഥ പറഞ്ഞുതന്നത് ഈ സൊറകൾക്കിടയിലാണ്. മലർന്നുകിടന്ന് കഥ കേൾക്കുമ്പോൾ ആ രാവിൽ മാവിൻകൊമ്പുകൾക്കിടയിൽ മാനത്ത് പൂർണ്ണ ചന്ദ്രനുണ്ടായിരുന്നു. സൈബീരിയായിലെ തടവറയിൽ കിടക്കുന്ന ആക്സിനോവിന്റെ ദൈന്യമുഖം അന്ന് മാഞ്ചുവട്ടിലെ രാവിൽ എന്റെ മനസ്സിൽ തെളിഞ്ഞുനിന്നു. തെളിഞ്ഞ നിലാവ് സാക്ഷിയായി നിന്നത് സുഖമുള്ള ഒരോർമ്മയായി ഇന്നും..

പുളിമരം പൂക്കുന്നതോടെ, കൊഴിഞ്ഞുവീണ പൂക്കൾ പെറുക്കിക്കൂട്ടി വായിലിട്ട് പുളിരസം ആസ്വദിച്ച് തുടങ്ങും. അതോടെ പുളിഞ്ചുവട്ടിൽ രുചിയുടെ വൈവിധ്യമാർന്ന കാലം വന്നുതുടങ്ങും. പൂ കഴിഞ്ഞാൽ അച്ചിപുളി, കുറ്റിപ്പുളി, പച്ച പുളി, ചെനച്ച പുളി, പഴുത്ത പുളി.... അങ്ങനെ പുളിയുടെ ഓരോ പ്രായത്തിലെ ഭിന്ന ഭിന്നമാം സ്വാദ്!


വേനലിൽ തളിരണിയുന്ന ഉങ്ങിന്റെ കായകൾക്ക് ഞങ്ങൾ ബിസ്കറ്റ് കായ എന്നാണ് വിളിക്കുക. ഇടയ്ക്ക് നാട്ടിലെ പണക്കാരായ മരക്കച്ചവടക്കാരുടെ ആനകളെ ഈ മരങ്ങളിൽ തളയ്ക്കും. പനമ്പട്ട ചീന്തി വായിൽ വെച്ച് ചവച്ചരച്ച് കഴിക്കുന്ന ആനയെ കണ്ട് ആസ്വദിച്ചിരിക്കലാണ് അന്നേരത്തെ വിനോദം.

കളിപ്പറമ്പിലെ മരങ്ങളിൽ ഋതുഭേദങ്ങൾ ഏൽപിക്കുന്ന ജൈവിക മാറ്റങ്ങൾ സൂക്ഷ്മമായി ഞങ്ങൾ അറിയും. ഈ ജൈവ കലണ്ടറിനനുസരിച്ച് മരച്ചുവട്ടിലെ കളികൾക്കും വരും പരിണാമങ്ങൾ. അണ്ടിയേറ് പോയി ഗോട്ടി കളിയാകും. പിന്നെ കുട്ടിയും കോലും, പമ്പരമേറ്, പുളിങ്കുരു കളി, മാങ്ങയണ്ടിക്കളി.... അങ്ങനെയങ്ങനെ...

ഈ കളികൾക്കിടയിലെപ്പോഴോ ഞങ്ങൾ മുതിർന്നുതുടങ്ങി. കളിപ്പറമ്പിലെ ഈ മരങ്ങളെല്ലാം മഴുവിനിരയായി. വെയിൽ നാളങ്ങൾ തിളച്ചുനിന്ന പറമ്പ് ക്രമേണ ബസ്സ്റ്റാന്റായി, ഷോപ്പിംഗ് കോംപ്ലക്സായി. പുതിയ കാലത്തിന്റെ തിരക്കുകൾക്കിടയിൽ,വാഹനങ്ങൾ കയറിയിറങ്ങുന്ന ബസ്റ്റാന്റിന്റെ അടിത്തട്ടിൽ മരങ്ങളുടെ പിണഞ്ഞുകിടക്കുന്ന വേരുകളുടെ അസ്ഥിപഞ്ജരങ്ങൾ ഇപ്പോഴും മൗനമായി കിടക്കുന്നുണ്ടാകും. വെയിൽച്ചൂടിൽ ഉരുകിയൊലിക്കുന്ന കറുത്ത ടാറിന്റെ സുഷിരങ്ങളിലൂടെ, മതിൽക്കെട്ടിന്റെ വിടവിലൂടെ ഈ വേരുകളുടെ നിശ്വാസം പോലെ ഇടയ്ക്ക് തല കാണിക്കുന്ന ചെറൂളയും തൂവയും പോലെയുള്ള കുഞ്ഞു ചെടികൾ.. തുടച്ചു മാറ്റാനാവാത്ത ജൈവകാമനയുടെ പരാഗരേണുക്കൾ എന്റെ മനസ്സിലും പറ്റിപ്പിടിച്ച് നിൽക്കുന്നു. മഴ തോർന്നിട്ടും ഈ മരങ്ങൾ ഓർമ്മ്കളായി പെയ്തുകൊണ്ടിരിക്കുകയാണ്!

# കവിതയുടെ ചായങ്ങൾ

പത്മ



എസ്. ജോസഫിന്റെ കവിതയിൽ ഒരു സെൻ
മനുഷ്യനുണ്ട്,ഓരോന്നിലും മുഴുകി
ജീവിക്കുന്നു അയാൾ. ചെറിയ കാര്യങ്ങളാണ്
'അയാളുടെ വലിയ കാര്യങ്ങൾ. ചെറുതാണ് അയാ
ളുടെ കണ്ണിൽപ്പെടുന്നത്. അയാൾ 'തോടുകളുടെ
മാത്രം കവിയാണ് . പലതും ഉപേക്ഷിച്ചാണ്
അയാൾ കാട്ടിലേക്ക് നടന്നുകയറുന്നത്. അതിനാൽ
അയാൾക്ക് മാത്രമാണ് മരങ്കൊത്തി മരത്തിൽ
ത്തുന്നഒച്ച കേൾക്കാൻ ആവുന്നത്. ഒരു മരത്തിന്റെ
നില്പ് അയാൾ ശ്രദ്ധിച്ചിട്ടുണ്ട്. 'മനുഷ്യർക്കോ
മൃഗങ്ങൾക്കോപക്ഷികൾക്കോ ഇത്തരം ചെരിഞ്ഞ
നിൽപ്പ് അസാധ്യം'.
മരത്തിനെ മരമായും പക്ഷിയെ പക്ഷിയായും
തിരിച്ചറിയുവാൻ ശ്രമിക്കുന്ന ഒരാളാണ് കവിതയിൽ.
നമ്മുടേതു മാത്രമായ ഒരു വിചാരം കൊണ്ടല്ല,
കൂടുതൽ നേരായ,അടുപ്പമുള്ള ഒരു കാഴ്ച
കൊണ്ടാണ് അയാളെഴുതുക. ആകാശമെന്നോ
ഭൂമിയെന്നോ പറയാതെ പറക്കുന്ന ഒരു പരുന്ത് കവിത
യിലുണ്ട്. പരുന്തിന് മനുഷ്യരുടെ ഭാഷ അപ്രാപ്യം.
അപ്രസക്തം.അത് പറക്കുകമാത്രം ചെയ്യുന്നു.
ഭാഷയിൽ നിന്ന് അതിന്റെ
പറത്തത്തെ വേർപെടുത്തുകയാണ് ജോസഫ്.
ഭാഷക്കുപുറത്തുള്ള ഒരു വാഴ്വിന്റെ ബലത്തിലാണ്
അയാൾ ഭാഷക്കുള്ളിൽ കഴിയുന്നത്. എല്ലാവാക്കും
അപ്രത്യക്ഷമായിക്കഴിഞ്ഞാലുംആനന്ദത്തോടെ
തുടരുവാനുള്ള കറുത്ത മണ്ണുള്ള മലഞ്ചെരിവ്
അയാളാലിണ്ട്. നിശബ്ദതയുടെയും
ധ്യാനത്തിന്റെയും ഒരു തുമ്പ്.
ഹരിതകത്തിന്റെ ഒരു കണിക.

എം.എൻ. കാരശ്ശേരി

നമ്പൂതിരി ഒരു സ്കൂട്ടർ യാത്രക്കാരന്റെ രേഖാചിത്രം എഴുതിയിട്ടുണ്ട്-പിന്നോട്ട് പറക്കുന്ന മുടിയിഴകൾ, വീർത്ത കുപ്പായം, ഏകാഗ്രമായ മുഖഭാവം, ഹാൻഡ്ലിൽ മുറുക്കിപ്പിടിച്ച കൈകൾ. യാത്ര നമുക്ക് അനുഭവപ്പെടും: "എന്തൊരു സ്പീഡ്!" യുവാവിന്റെ തലമുടിയും ഇരുത്തവും ശ്രദ്ധയും കൈകാലുകളുടെ നിലയും കൊണ്ടാണ് സ്കൂട്ടർ യാത്രയാണ് എന്ന് തെളിയുന്നത്. കാര്യം: ചിത്രത്തിൽ സ്കൂട്ടർ വരച്ചിട്ടേയില്ല! ജപ്പാൻകാരുടെ ഹൈക്കു കവിതകളെ പറ്റി ആലോചിക്കുമ്പോൾ എന്റെ ഉള്ളിൽ 'ഈ വേഗത്തിന്റെ ചിത്രം' ഉണരുന്നു. പശ്ചാത്തലവിവരണം, സ്വഭാവ വർണനം മുതലായ പ്രധാനപ്പെട്ട പലതും ആ മൂന്നുവരി കവിതകൾ വിട്ടുകളയുന്നു; സൂചനകൾ മാത്രം തന്ന് കവി വാങ്ങിനിൽക്കുകയാണ്.

ഹൈക്കുകവി തുടങ്ങിവെക്കുന്നേയുള്ളൂ; വായനക്കാർ പൂർത്തിയാക്കണം. 'ധ്വന്യാലോക'ത്തിന്റെ വ്യാഖ്യാനമായ 'ലോചന'ത്തിന്റെ മംഗളപദ്യത്തിൽ അഭിനവഗുപ്തൻ പറയുന്നുണ്ട്: "കവിയും സഹൃദയനും കൂടിച്ചേരുമ്പോഴാണ് സരസ്വതിയുടെ തത്ത്വം വിജയിക്കുക" (സരസ്വത്യാസ് തത്ത്വം കവിസഹൃദയാഖ്യം വിജയതേ).

'ഹൈക്കു' എന്ന ജാപ്പനീസ് പദത്തിന് 'ശ്രദ്ധ' എന്നാണർത്ഥം. 17 അക്ഷരം (ഓൻ) കൊണ്ട് എഴുതുന്ന ഈ കുഞ്ഞുകവിത പണ്ടുകാലത്ത് അവിടെ കാവ്യങ്ങളുടെ 'പ്രാരംഭവചനം' ആയിരുന്നു. അന്ന് 'ഹോക്കു' എന്നു പറയും. 17-ാം നൂറ്റാണ്ടുകാരനായ കവി മത്സുവോ ബാഷോ (മരണം 1964) ഇതിനെ സ്വതന്ത്രശാഖയാക്കി വളർത്തിയെടുത്തു. 19-ാം നൂറ്റാണ്ടുകാരനായ കവി മസോകോ ഷിക്കിയാണ് (മരണം 1902) 'ഹൈക്കു' എന്ന് പേര് പരിഷ്കരിച്ചത്. പാശ്ചാത്യ സംസ്കൃതിയുടെ ആരാധകനായ ഷിക്കി തന്നെയാണ് ഈ സാഹിത്യരൂപത്തെ ആധുനീകരിച്ചത്.

പാശ്ചാത്യലോകത്ത് 'ഹൈക്കുപ്രസ്ഥാനം' എത്തിപ്പെടുന്നത് 19-ാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിലാണ്. ജപ്പാനിൽ ഉദ്യോഗം ഭരിച്ചിരുന്ന ഡച്ചുകാരൻ ഹെന്റിക് ഡോഫ് (മരണം 1837) എഴുതിയ കുറുംകവിതകളിൽ അതാരംഭിച്ചു. ജാപ്പനീസ് കവി യോൺ നെഗുച്ചി ഇംഗ്ലീഷിൽ എഴുതിയ ഹൈക്കു രചനകളും പഠനവും (1904) വലിയ ശ്രദ്ധ നേടി. ജപ്പാനിൽ ജീവിച്ചിരുന്ന ഇംഗ്ലീഷുകാരൻ ആർ.എച്ച്. ബ്ലിത്ത് എഴുതിയ ഹൈക്കു കവിതകളുടെ സമാഹാരവും (1949) ഹൈക്കുവിന്റെ ചരിത്രവും (1964) ഇംഗ്ലീഷ് വായനക്കാർക്കിടയിൽ ഈ ശാഖയ്ക്ക് പ്രതിഷ്ഠ നൽകി. ഇംഗ്ലീഷിലെ പ്രാമാണികനായ ഹൈക്കു വ്യാഖ്യാതാവ് ബ്ലിത്ത് ആണ്.

ഇന്ത്യയിലെ കാര്യം: 20-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ രവീന്ദ്രനാഥ ടാഗോർ ബംഗാളിയിൽ ചില ഹൈക്കുരചനകളും ചില ജാപ്പനീസ് ഹൈക്കുകളുടെ പരിഭാഷയും നിർവ്വഹിക്കുകയുണ്ടായി. സീനാ ബായ് രത്തൻജി ദേശായി ഗുജറാത്തിൽ ഇതിന് ജനപ്രീതി നേടിക്കൊടുത്തു. 2008 ഫെബ്രുവരിയിൽ ബംഗളൂരുവിൽ നടന്ന 'ലോക ഹൈക്കു ഉത്സവ'ത്തിൽ യൂറോപ്പിലെയും അമേരിക്കയിലെയും പ്രമുഖ ഹൈക്കു രചയിതാക്കളും പണ്ഡിതൻമാരും സംബന്ധിക്കുകയു

ജീവിതത്തിന്റെ ഹ്രസ്വതയാണ് സ്വന്തം കൊച്ചുരൂപത്തിലൂടെ ഹൈക്കു ആവിഷ്കരിക്കുന്നത്. സൗന്ദര്യശാസ്ത്രവും തത്വചിന്തയും ഊറിക്കൂടിയ ഹിമബിന്ധുവാണത്. അതിൽ കാനനം പ്രതിബിംബിക്കുന്നു; അവയിൽ ചിലത് ഏറുപടക്കം പോലെ പൊട്ടുന്നു. ഈ വാമനപുരത്തു നിന്ന് ചുറ്റും നോക്കുമ്പോൾ ബോധ്യമാവുന്നു- ഷൂമാക്കർ പറഞ്ഞതുതന്നെ കാര്യം: ചെറുതാണ് ചേതോഹരം

# ചെറുതാണ് ചേതോഹരം

ണ്ടായി. 1970 കളിൽ ആധുനികതാ പ്രസ്ഥാനത്തിൽ ഉൾപ്പെടുന്ന കുഞ്ഞുണ്ണിക്കവിതകൾ പുറപ്പെടുന്നതോടെയാണ് മലയാളികൾ ഈ സാഹിത്യരൂപത്തെപ്പറ്റി കേട്ടുതുടങ്ങുന്നത്. മലയാളമല്ലാതെ മറ്റൊരു ഭാഷയും നിശ്ചയമില്ലാത്ത കുഞ്ഞുണ്ണിമാഷിന്റെ മുന്നിൽ പൂർവ്വമാതൃകകളൊന്നും ഉണ്ടായിരുന്നില്ല. തമിഴിലെ കുറളിന്റെയും ജപ്പാനിലെ ഹൈക്കുവിന്റെയും മട്ടിലാണ് അദ്ദേഹം എഴുതുന്നത് എന്ന നിരീക്ഷണത്തിലൂടെയാണ് അത് പടർന്നത്. പിൽക്കാല കവികളിൽ ചിലർ കുഞ്ഞുണ്ണിക്കവിതയുടെ സമ്പ്രദായത്തിൽ എഴുതിയിട്ടുണ്ട്. ജപ്പാൻ കവിതകളാൽ പ്രചോദിതനായി, ഹൈക്കുവിന്റെ രൂപവും ചരിത്രവും സ്വഭാവവും പഠിച്ച്, ഹൈക്കു കവിതകൾ എഴുതിയ പ്രധാനപ്പെട്ട മലയാളകവി അമേരിക്കയിൽ സ്ഥിരതാമസക്കാരനായ ചെറിയാൻ കെ ചെറിയാനാണ്. അങ്ങനെ 21-ാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ മലയാളം ഹൈക്കു ആവിർഭവിക്കുന്നു.

എന്റെ നോട്ടത്തിൽ, ജപ്പാനിലെ സാംസ്കാരിക പാരമ്പര്യത്തിന്റെ സവിശേഷതകളിൽ നിന്ന് ഉരുവം കൊള്ളുന്ന രൂപമാണ് ഹൈക്കു. ആ രചനകളിൽ അധികമുള്ളത് മൗനമാണ്. "കവിത കറുത്ത അക്ഷരങ്ങളല്ല, അതെഴുതിയ കടലാസിലെ വെളുത്ത സ്ഥലമാണ്." എന്ന് സൂഫികൾക്ക് അറിയാം. "ഗുരുവിന്റെ മൗനത്താൽ ശിഷ്യൻ സംശയം തീർന്നവനായി" എന്ന് സംസ്കൃതക്കാർ പറയും. ഹൈക്കുവിന്റെ ജന്മനാട്ടിൽ കുടിപ്പാർക്കുന്ന ബുദ്ധന്റെ ആശയവിനിമയോപാധികളിൽ പ്രധാനം മൗനമാകുന്നു. ധ്യാനബുദ്ധകഥകളുടെ ഹ്രസ്വതയും അവയിൽ മുഴങ്ങുന്ന നിശ്ശബ്ദതയും ഹൈക്കുകളുടേതുമായി ചേർത്തുവെച്ച് വായിക്കേണ്ടതാണ്. 'ഇത്തിരി നേരംപോക്കും ഇത്തിരി ദർശനവും' പുലരുന്ന ആ കഥകൾക്ക് താനൊരുക്കിയ പരിഭാഷാസമാഹാരത്തിന് നിത്യചൈതന്യയതി 'മൗനമന്ദഹാസം' എന്നു പേരിട്ടു.

ജപ്പാന്റെ സൗന്ദര്യശാസ്ത്രത്തിന് ചുരുക്കലിനോട് സവിശേഷമായ ആഭിമുഖ്യമുണ്ട്. അധ്വാനത്തിൽ അമ്പരപ്പിക്കുന്ന ഭ്രമമുള്ള അവിടത്തെ കൊച്ചുമനുഷ്യർ കലാനിർമ്മിതിക്കോ ആസ്വാദനത്തിനോ വളരെനേരം ചെലവാക്കാനിടയില്ല; ഒട്ടും ആർഭാടം കാണിക്കില്ല; ഒന്നും ധൂർത്തടിക്കാൻ പോകില്ല. കൈയിൽ ആയുധം കരുതുന്നതിനു പകരം കൈ തന്നെ ആയുധമാക്കുന്ന 'കുങ്ഫു'വിലും വൻ വൃക്ഷത്തെ ചട്ടിയിൽ ഒതുങ്ങുന്ന കൊച്ചുരൂപമാക്കി ആകൃതിപ്പെടുത്തുന്ന 'ബോൺസായി'യിലും അത് കാണാം.

'ബോൺ' എന്ന പദത്തിന് പരന്ന പാത്രം എന്നും 'സായ്' എന്ന പദത്തിന് കൃഷി എന്നും അർത്ഥം. ബോൺസായിയുടെ ലക്ഷ്യം ഉൽപാദനമല്ല, കാഴ്ചക്കാരുടെ ധ്യാനവും ആനന്ദവുമാണ്. "സ്വാഭാവികമായി മണ്ണിൽ വളരുന്ന വൃക്ഷം പ്രാകൃതമാണ്. അതിനെ പരിഷ്കരിക്കുകയും പരിചരിക്കുകയും ചെയ്യുന്ന മനുഷ്യജീവികളോട് തൊട്ടടുത്തുനിൽക്കുമ്പോൾ മാത്രമേ നമുക്കത് നന്നായി ആസ്വദിക്കാൻ കഴിയൂ." ഇതാണ് നൂറ്റാണ്ടുകളുടെ ചരിത്രമുള്ള ബോൺസായിയുടെ സൗന്ദര്യശാസ്ത്രം. രൂപത്തിലും ഭാവത്തിലും നമ്മളോട് അടുത്തുനിൽക്കുന്നതാണ് ഹൈക്കുവിന്റെ പ്രകൃതം- കൃഷിയിലെ ഹൈക്കുവാണ് ബോൺസായ്; ഭാഷയിലെ ബോൺസായ് ആണ് ഹൈക്കു.

വരമൊഴിയുടെ ഭാഗമാണെങ്കിലും ഹൈക്കുവിന്റെ സ്വഭാവം പഴഞ്ചൊല്ല്, കടങ്കഥ, ശൈലി തുടങ്ങിയ വാമൊഴി സമ്പത്തിന്റേതാണ്. അവയെല്ലാമായി രൂപാന്തരം പ്രാപിക്കാൻ ഈ രചനകൾക്ക് എളുപ്പമുണ്ട്.

"ആ നഗരത്തിൽ എല്ലാവർക്കുമറിയാം.
അവളുടെ ഭർത്താവിനൊഴിച്ച്"

എന്ന് പ്രശസ്തമായ ഹൈക്കു നോക്കുക. കള്ളി പിടികിട്ടുമ്പോൾ നിങ്ങൾ മന്ദഹസിക്കുന്നു. കടങ്കഥയിലെ 'ഉത്തരം' എളുപ്പം തെളിഞ്ഞുകിട്ടിയതിൽ സ്വയം അനുമോദിക്കാൻ കൂടിയാണ് ആ ചെറുപുഞ്ചിരി.

ഇന്നത്തെ സാഹചര്യത്തിൽ, നമുക്ക് എളുപ്പം കാര്യം തിരിയാൻ വേണ്ടി പറയാം: അനലംകൃതമായ, അനാർഭാടമായ ഹൈക്കു ഗാന്ധിയനാണ്. പാരിസിൽ ചെന്നപ്പോൾ അത്യുന്നതമായ ഈഫൽ ഗോപുരം കണ്ടിട്ട് ഗാന്ധിജിക്ക് ഇഷ്ടമായില്ല- അധ്വാനത്തിന്റെയും സമയത്തിന്റെയും ധനത്തിന്റെയും ദുർവ്യയം എന്നാണ് ആ രൂപത്തെ വിശേഷിപ്പിച്ചത്. ലില്ലിപ്പുട്ടിൽ എത്തിപ്പെട്ടിരുന്നെങ്കിൽ ഗാന്ധിജി ആഹ്ലാദിച്ചേനെ! അവിടെ കൊച്ചു വയറിന് ആഹാരം ഇത്തിരി മതിയല്ലോ. വേഷത്തിലും ഭക്ഷണത്തിലും ഭാഷണത്തിലും ജീവിതസൗകര്യങ്ങളിലുമെല്ലാം മിതത്വം പാലിക്കുന്നതാണ് ഗാന്ധിപാഠം. "എനിക്ക് പറയാൻ ഇത്തിരിയേ വാക്കും വേണ്ടൂ" എന്ന് അവനവനെ തിരിച്ചറിയുന്ന കുഞ്ഞുണ്ണി ഗാന്ധിമാർഗ്ഗക്കാരനാണ് എന്നോർക്കുക.

ജീവിതത്തിന്റെ ഹ്രസ്വതയാണ് സ്വന്തം കൊച്ചുരൂപത്തിലൂടെ ഹൈക്കു ആവിഷ്കരിക്കുന്നത്. സൗന്ദര്യശാസ്ത്രവും തത്വചിന്തയും ഊറിക്കൂടിയ ഹിമബിന്ധുവാണത്. അതിൽ കാനനം പ്രതിബിംബിക്കുന്നു; അവയിൽ ചിലത് ഏറുപടക്കം പോലെ പൊട്ടുന്നു. ഈ 'വാമനപുരത്തു'നിന്ന് ചുറ്റും നോക്കുമ്പോൾ ബോധ്യമാവുന്നു- "ഷൂമാക്കർ പറഞ്ഞതുതന്നെ കാര്യം: ചെറുതാണ് ചേതോഹരം"

---

*യൗവന കാലത്ത് കുറച്ചുനാളത്തേക്കെങ്കിലും എല്ലാ മനുഷ്യരും അന്ധരും ബധിരരുമായിരുന്നെങ്കിൽ അതൊരു അനുഗ്രഹമായിരിക്കുമെന്ന് ഞാൻ ചിന്തിച്ചുപോവുന്നു. ഇരുട്ട്, കാഴ്ചയെ കൂടുതൽ അവർക്ക് ആസ്വാദകരമാക്കും. നിശ്ശബ്ദത ശബ്ദത്തിന്റെ ആഹ്ളാദത്തെക്കുറിച്ച് അവരെ പഠിപ്പിക്കും.*

*-ഹെലൻ കെല്ലർ*

# നൃത്തമുദ്രകളും ജീവകുലവും

ഡേവീസ് വളർക്കാവ്

അഞ്ച് വിരലുകളുള്ള കൈപ്പത്തി കൊണ്ട് രണ്ടു കയ്യും ചേർത്ത് 10 വിരലുകളാൽ വിവിധ വസ്തുക്കളുടെയും ജീവികളുടെയും രൂപങ്ങൾ മെനയുന്ന നാട്യമുദ്രകൾ കേരളീയ നാട്യശാസ്ത്രത്തിന്റെ സൗന്ദര്യദൃശ്യമാണ്. വിനിമയത്തിന് ഭാഷ പോലെ മൗനവും ഭാവവും ആംഗ്യവും മുദ്രയും കണ്ടെത്തി പരിപോഷിപ്പിച്ചെടുത്തതാണ് പൊതുവെ നാട്യശാസ്ത്രങ്ങൾ. കഥകളി, മോഹിനിയാട്ടം, ഭരതനാട്യം ഇവ ഇതിൽ പ്രധാനമാണ്. നവരസങ്ങളെ ആവിഷ്കരിക്കുന്ന ധാരാളം നൃത്തരൂപങ്ങൾ വേറെയും ഉണ്ട്.

ഭരതമുനിയുടെ നാട്യശാസ്ത്രം, അഭിനയ ദർപ്പണം, ഹസ്തലക്ഷണ ദീപിക, ബാലരാമഭരതം തുടങ്ങിയ ഗ്രന്ഥങ്ങളിലാണിത് പ്രതിപാദിച്ചിരിക്കുന്നത്. ഹസ്തലക്ഷണ ദീപികയിൽ 24 മുദ്രകളെയാണ് പരിചയപ്പെടുത്തുന്നത്. മനുഷ്യേതര ജീവികളായ ആന, സിംഹം, കാള, മുതല തുടങ്ങിയ ജീവികളും, പ്രകൃതിയുമായി ബന്ധപ്പെട്ട ഭൂമി, വഴി, തിരമാല, മേഘം, ചിതൽപ്പുറ്റ്, കിടങ്ങും, മനുഷ്യനിർമ്മിതമായ ചക്രം, വണ്ടി, ഗോപുരം, വാതിൽ, സാക്ഷ, തലയിണ എന്നിവയും 24 മുദ്രകളിൽ ചിലതാണ്.

സ്ത്രീപക്ഷ മുദ്രയായ കടകം, കുട്ടിയും, കീരിയും ഒക്കെ മുദ്രകളിൽ കടന്നുവരുന്നു. മത്സ്യം, ആമ, പക്ഷി, വണ്ട് തുടങ്ങി ചെറുജീവ ശൃംഖലയും ഇവയുടെ കൂട്ടത്തിലുണ്ട്. ആനച്ചെവി, പശുവിന്റെ ചെവികൾ, ജന്തുക്കളുടെ കൊമ്പ്, പോത്ത്, മൃഗമുഖം, സർപ്പശിരസ്സ്, മാൻ, ഉരഗം, ആനയുടെ ചെവിയാട്ടം, ആനത്തോട്ടി, കൊയ്ത്തരിവാൾ, വൃക്ഷം എന്നിവയും മുദ്രകളിൽ നിറയുന്നു.

കുതിര, പുലി താമരപ്പൂവ്, കുറുക്കൻ, കുരങ്ങൻ, കയർ, ഭൂമി, പശു, സൂചി, അരയന്നം, ജടായു, ഗരുഡൻ, സഖി, അമ്മ തുടങ്ങിയ സത്യധർമ്മ മുദ്രകളായി ഇത് പടർന്ന് പന്തലിച്ചു നിൽക്കുന്നു. നൃത്തം ഹൃദയഹാരിയായ ഒരു അനുഭവമാക്കുന്നതിൽ മുദ്രകളുടെ പങ്ക് എത്ര പറഞ്ഞാലും തീരാത്തതാണ്.

ഇവിടെ നാം കണ്ട വിവിധ നൃത്തരൂപങ്ങളിലെ മുദ്രകൾ പ്രകൃതിയിൽ നിന്നും സഹജീവികളിൽ നിന്നും മനുഷ്യരാർജ്ജിച്ച അനുകരണത്തിന്റെയും, സൗന്ദര്യാസ്വാദനത്തിന്റെയും നിധികളാണ്. ഇവ മനുഷ്യരുടെ ചുറ്റുപാടുകളെ, ജീവിതത്തെ മാറ്റിത്തീർക്കുകയും പ്രകൃതിയെ പ്രണമിക്കുകയും ചെയ്യുന്നു. നമുക്കും ശിരസ്സു കുനിക്കാം.

ഇറോം ശർമിള സംസാരിക്കുന്നു...

## എന്തിന് ഭയപ്പെടണം

കേരളത്തിലെ എന്റെ പ്രിയ സഹോദരങ്ങളേ,

മണിപ്പൂരിലെ ഈ വിമത സഹോദരിയുടെ സമരത്തിന് കേരളീയർ നൽകിവരുന്ന ഐക്യദാർഢ്യത്തിന് ഹൃദയപൂർവ്വം നന്ദി പ്രകാശിപ്പിക്കുന്നു.

യുക്തിബോധമുള്ള മനുഷ്യർ മന:സാക്ഷിയുടെ യജമാനൻമാരാണ്. മുതലാളിത്തത്തിന്റെ കിറുക്കുപിടിച്ച അത്യാർത്തിക്കും ജീവിത നിഷേധത്തിനുമെതിരെ വിമതരാകുന്നതിൽ എന്തിന് ഭയപ്പെടണം? പ്ലാച്ചിമടയിലെ കൊക്കക്കോള ജലചൂഷണത്തെ പറ്റി എനിക്കറിയാൻ കഴിഞ്ഞിട്ടുണ്ട്. ജീവിക്കാനുള്ള അവകാശത്തിനുവേണ്ടി പ്ലാച്ചിമടയിൽ നടക്കുന്ന പതിറ്റാണ്ടുകൾ നീണ്ട സമരത്തിന്, പട്ടാളക്കാർക്ക് പ്രത്യേകാധികാരം നൽകുന്ന കിരാത നിയമത്തിനെതിരെ പത്തു വർഷമായി ഞാൻ നടത്തുന്ന പരിശ്രമങ്ങളുമായും താരതമ്യമുണ്ട്.

മണിപ്പൂരികൾ രോഷാകുലരായാൽ തീർത്തും അപകടകാരികളാണ്. പ്ലാച്ചിമട പോലെ പ്രകൃതി വിഭവങ്ങൾ നിർദാക്ഷിണ്യം ചൂഷണം ചെയ്യുന്ന അവസ്ഥ മണിപ്പൂരിലാണെങ്കിൽ, എത്രയോ മുമ്പുതന്നെ ചൂഷകരെ നിസ്സംശയം തുരത്തിയോടിക്കുമായിരുന്നു.

ജീവിതലക്ഷ്യങ്ങൾക്ക് പ്രതിസന്ധി സൃഷ്ടിക്കുന്നവരോട് ഏറ്റുമുട്ടാനാണ് നിസ്സാര ജീവിതം നയിക്കുന്ന മനുഷ്യരെ ദൈവം സൃഷ്ടിച്ചിട്ടുള്ളത്. ഏത് തിന്മകളെയും നന്മകളാക്കി പരിവർത്തിപ്പിക്കാനുള്ള ധൈര്യം നമുക്കുണ്ട്. വ്യത്യസ്തമായ മറ്റൊരു ലോകം സാധ്യമാക്കാൻ പ്രതിബന്ധങ്ങളെ സധൈര്യം നേരിടാൻ ദൈവാനുഗ്രഹം ലഭിച്ചവരാണ് നാം. ഓരോ കർമ്മത്തിലും ജാഗ്രത പുലർത്തുന്ന ദൈവം കർമ്മമനുരിച്ചുള്ള പ്രതിഫലവും നമുക്ക് നൽകുന്നു, പിന്നെ ജീവിതത്തിനും മരണത്തിനുമിടയിലുള്ള ഈ ചെറുദൂരത്തിനിടയിൽ നീതിക്കുവേണ്ടി സ്വയം അർപ്പിക്കുന്നതിൽ എന്തിന് ഭയപ്പെടണം.

സസ്നേഹം പ്രത്യാശാപൂർവ്വം,

**ഇറോം ശർമ്മിള ചാനു. (2010 ജൂൺ)**

## നടൻ ശ്രീനിവാസന്റെ കൃഷിച്ചൊല്ലുകൾ

“നിലനിൽപ്പിന്റെ കാര്യമാണ് ഭക്ഷണം. പക്ഷേ അതു മാത്രം ശ്രദ്ധിക്കാൻ നമുക്ക് സമയമില്ല. ഷർട്ട് വാങ്ങാൻ പോയാൽ ബ്രാൻഡും തുണിയുടെ ക്വാളിറ്റിയും എല്ലാം ശ്രദ്ധിക്കും. പക്ഷേ അരിയും പച്ചക്കറിയും വാങ്ങാൻ പോകുമ്പോൾ അതൊന്നും വിഷയമല്ല. എന്തുകിട്ടിയാലും മതി.”“പലർക്കും കൃഷി ചെയ്യണമെന്ന് ആഗ്രഹമുണ്ട്. സമയം ഇല്ലെന്നാണ് പറയുന്നത്. സമയം ഇല്ലെന്നു പറയുന്നവർ സമയം ഇതിനേക്കാൾ ഗുണപരമായ എന്തൊക്കെ കാര്യങ്ങൾക്കാണ് വിനിയോഗിക്കുന്നതെന്നു ലിസ്റ്റ് ചെയ്താൽ നന്നായിരിക്കും. പണം ഉണ്ടാക്കിയതുകൊണ്ടുമാത്രം കാര്യമുണ്ടോ? അതു അനുഭവിക്കാനുള്ള ആരോഗ്യം കൂടി വേണ്ടേ?”

“കൊലപാതകം ചെയ്യുന്ന ക്വട്ടേഷൻ സംഘങ്ങളെപ്പോലെ തന്നെയല്ലേ ഭക്ഷണസാധനങ്ങളിൽ വിഷം ചേർക്കുന്നവരും. ആളെക്കൊല്ലുന്ന പരിപാടിയല്ലേ ഇത്? അതുകൊണ്ട് നെല്ലിലും പച്ചക്കറിയിലും വിഷം ചേർക്കുന്നവർക്കും വധശിക്ഷ നൽകണം. മരണം സാവധാനം എന്ന കാരണത്താൽ കുറ്റം ഇല്ലാതാകുന്നില്ല. പച്ചക്കറിയിൽ വിഷം ചേർക്കുന്നവരെ വിചാരണ ചെയ്ത് തൂക്കിക്കൊല്ലണം.”



എം.എൻ. റോയ്

# ദ റാഡിക്കൽ ഹ്യൂമനിസ്റ്റ്

പി. എ. പൗരൻ

മാർക്സിയൻ ചിന്തകനായിരുന്ന എം.എൻ. റോയ് 1937 ൽ ആരംഭിച്ച് 1949 വരെ പ്രസിദ്ധീകരിച്ച ഇൻഡിപെൻഡന്റ് ഇന്ത്യ എന്ന പ്രസിദ്ധീകരണം ദ റാഡിക്കൽ ഹ്യൂമനിസ്റ്റ് എന്ന പേര് സ്വീകരിക്കുകയായിരുന്നു. 1954 ൽ എം.എൻ. റോയ് മരിക്കുന്നതുവരെ പത്രാധിപത്യം നിർവ്വഹിച്ച പ്രസിദ്ധീകരണം മുപ്പതുകളിൽ റോയ് സ്ഥാപിച്ച ഇന്ത്യൻ റിനൈസൻസ് ഇൻസ്റ്റിറ്റ്യൂട്ട് എന്ന സ്ഥാപനത്തിന്റെ മേൽനോട്ടത്തിലാണ് ഇന്നും ഡൽഹിയിൽ നിന്നും പ്രസിദ്ധീകരിച്ചു പോരുന്നത്. നവോത്ഥാന പ്രസ്ഥാനങ്ങളെ ശക്തിപ്പെടുത്തുക, മനുഷ്യാവകാശം, ശാസ്ത്രാവബോധം, യുക്തിചിന്ത ഇവയെ മനുഷ്യത്വ പരമായ വീക്ഷണത്തിൽ സമീപിക്കുന്ന സവിശേഷമായ ഒരു എഡിറ്റോറിയൽ പോളിസി ഈ പ്രസിദ്ധീകരണത്തെ പ്രസക്തമാക്കുന്നു. നിലപാടില്ലാത്ത വലിയ പ്രസിദ്ധീകരണ ഭീമൻമാരുടെയും വൻകിട ചാനൽ സംരംഭങ്ങളുടെയും ഇടയിൽ വളരെ ശക്തമായ നിലപാടുകളോടെയും ആശയാടിത്തറയോടെയും ഓരോ ലക്കവും നവീനങ്ങളായ ചിന്താസരണികൾ വെട്ടിത്തെളിച്ച് ഈ പ്രസിദ്ധീകരണം ഇടപെടുന്നു. ഡോ: രേഖാ സരസു ആണ് ഇപ്പോഴത്തെ പത്രാധിപർ. എം.എൻ. റോയിയുടെ പ്രബന്ധങ്ങളിൽ നിന്നും ഗ്രന്ഥങ്ങളിൽ നിന്നുമുള്ള ഭാഗങ്ങൾ ഓരോ ലക്കങ്ങളെയും സമ്പന്നമാക്കുന്നു. ഉദാഹരണത്തിന് എം.എൻ. റോയ് എഴുതിയ ഇസ്ലാമിന്റെ ചരിത്രപ്രധാനമായ പ്രാധാന്യം എന്ന പുസ്തകം ഖണ്ഡഃശയായി ഇതിൽ പ്രസിദ്ധീകരിക്കുന്നുണ്ട്. 1939 ൽ പ്രസിദ്ധീകരിക്കപ്പെട്ട ഈ ചെറിയ പുസ്തകം 20 വർഷം കഠിനതടവിന് ശിക്ഷിക്കപ്പെട്ട് ജയിലിൽ കഴിയുമ്പോഴാണ് എം.എൻ. റോയ് എഴുതിയത്. ഇംഗ്ലണ്ടിലെ രാജാവിനെതിരെ ഗൂഢാലോചന നടത്തിയ കുറ്റത്തിനാണ് അദ്ദേഹത്തെ ജയിലിലടച്ചിരുന്നത്. ശിക്ഷ പിന്നീട് 6 വർഷത്തേക്ക് കുറച്ചിരുന്നു. ഇന്ത്യൻ ദേശീയതയുടെ ഭാഗമായി മുസ്ലിം ജനതയെ നോക്കിക്കാണുന്ന അത്യന്തം സൂക്ഷ്മ നിരീക്ഷണങ്ങളുള്ള ഈ പുസ്തകം മുസ്ലിംകളും അമുസ്ലിംകളും ഒരുപോലെ വായിച്ചിരിക്കേണ്ട പുസ്തകമാണ്. ഇന്നും മുസ്ലിം ജനതയെ പ്രതിക്കൂട്ടിൽ നിർത്തുന്ന ചില ശ്രമങ്ങൾ പല കോണുകളിൽ നിന്നും ഉയരുമ്പോൾ എം.എൻ. റോയിയുടെ ഈ പുസ്തകം വിപുലമായി വായിക്കപ്പെട്ടിരുന്നെങ്കിൽ എന്ന് നാം ആഗ്രഹിച്ചുപോവും. ഇത്തരത്തിൽ എം.എൻ. റോയിയുടെ പ്രതിഭയും ചരിത്ര നിരീക്ഷണവും നിറഞ്ഞുനിൽക്കുന്ന ഈ പ്രസിദ്ധീകരണം ആലോചനാകുതുകികൾക്ക് ഒഴിച്ചുകൂടാനാവാത്തതാണ്. ഈ പ്രസിദ്ധീകരണത്തിന്റെ വിലാസം: *ദ റാഡിക്കൽ ഹ്യൂമനിസ്റ്റ്, ചേംബർ നമ്പർ 111, നിയർ പോസ്റ്റ് ഓഫീസ്, സുപ്രീം കോർട്ട് ഓഫ് ഇന്ത്യ, ഡൽഹി-110001*

പരിസ്ഥിതി ചിന്തകനായിരുന്ന കെ. വി. ശിവപ്രസാദിന്റെ വാക്കുകൾ...

# ജീവിതരീതിയാണ് ജൈവകൃഷി

ഞങ്ങൾക്ക് ജൈവകൃഷി ഒരു ജീവിതരീതിയാണ്. വിഭവങ്ങളോടുള്ള സമീപനമാണ്. സഹജീവികളോടുള്ള സ്നേഹമാണ്. ജൈവധർമ്മം പൂർത്തിയാക്കലാണ്. പെട്രോളിയം ഉൽപ്പന്നങ്ങൾ താങ്ങാനാവാത്ത വിലയുള്ളതും, അത്യപൂർവ്വവും ആയാലും, പണം മരിച്ചാലും, ഷേർമാർക്കറ്റ് കുത്തനെ തകർന്നാലും പട്ടിണി ആവില്ലെന്ന് ഉറപ്പുവരുത്തലാണ്. പണം തിന്നാൻ കൊള്ളില്ലെന്ന തിരിച്ചറിവ് വന്നവർക്കുള്ളതാണ്. മണ്ണ് മലിനമാകരുതെന്നും മണ്ണിന്റെ കരുത്താണ് ചെടിയുടെ, ഭക്ഷണത്തിന്റെ സമ്പന്നതയെന്നും മനസ്സിലാക്കിയവരാണെങ്കിൽ മുഴുകുന്നത്, കണക്കുകൊണ്ടുള്ള അഭ്യാസങ്ങൾക്കതിൽ പ്രസക്തിയില്ല.

കിഴങ്ങു കഴിക്കുന്നവരെ അപരിഷ്കൃതരായി കാണത്തക്കവണ്ണം സവർണ്ണതയോ ആഭിജാത്യമോ ഉള്ളവർക്ക് ജൈവകൃഷി ചേരില്ല. ഏത് ജോലി ചെയ്യുന്നവനും അടിസ്ഥാനപരമായി കർഷകനാവണം, കാർഷിക ജോലികളിൽ സഹകരിക്കണം, മണ്ണിനെ-ചെടിയെ-മറക്കുന്നവൻ ഭക്ഷണം അർഹിക്കുന്നില്ല. ശുദ്ധവായുവിന്, വെള്ളത്തിന്, ഭക്ഷണത്തിന് അവകാശമില്ല.ജൈവധർമ്മത്തെ ചന്തയോടടുപ്പിച്ച് നിർത്തണമെന്ന് വാശിയുള്ളവർക്ക് ഞങ്ങളെ സഹിക്കില്ല. നഗരാവശിഷ്ടങ്ങളും മാലിന്യങ്ങളും ജൈവവളമെന്ന പേരിൽ ചന്തയിലെത്തിക്കുന്നവർക്ക് ഞങ്ങളതിന് തന്നെയാണ്. ഏറെക്കാലം സർക്കാർ ശമ്പളം വാങ്ങി വിഷക്കമ്പനികളെ സേവിച്ചവർ പിന്നെ ചെയ്യുന്ന എൻ.ജി.ഒ. സേവനമായ സർട്ടിഫിക്കേഷനുകളെ ഞങ്ങളെ തിർക്കാറുണ്ട്. കരഷകർക്ക് അത് ചേതമേ ഉണ്ടാക്കൂ.

ജൈവകൃഷി എന്നാൽ കുറേ ചെടിവളർത്തലോ ഭക്ഷണം ഉൽപ്പാദിപ്പിക്കലോ മാത്രമല്ല. ലാഭകരമായി മണ്ണിനെ, ചെടിയെ, വെളിച്ചത്തെ ഉപയോഗപ്പെടുത്തലോ മാത്രം അല്ലേ അല്ല. കാറ്റിനെ, മഴയെ, മണ്ണിന്റെ ചരിവിനെ, ചരിവിന്റെ ദിശയെ അറിഞ്ഞ് ചെടി നടലും വളർത്തലുമാണെന്നു പറഞ്ഞാൽ അതും ആണെന്ന് പറയാനേ ഞങ്ങൾക്ക് അറിഞ്ഞുകൂടൂ. ചെടികൾക്ക് സൂര്യനോടെന്ന പോലെ ചന്ദ്രനോടും ബന്ധമുണ്ടെന്ന് അനുഭവം ഉള്ളവരോട് ഞങ്ങൾ തർന്നിക്കുകയില്ല. കോടിക്കണക്കിന് വർഷങ്ങൾ ഭൂമിയിൽ പതിച്ച സൂര്യരശ്മി ഊർജ്ജരൂപത്തിൽ രാസബന്ധങ്ങളായി മണ്ണിൽ സംഭരിച്ചത് മുഴുവൻ രാസവസ്തുക്കളു പയോഗിച്ച് ഊറ്റിയെടുത്ത് മണ്ണിനെ വന്ധ്യമാക്കിയിരിക്കുന്നുവെന്ന്

*ശേഷം പേജ് 18 ൽ*

# കോടതിമുറിയിലെ ഗാന്ധിജി



കോടതിയിൽ വാടകക്കാരിയെ ഒഴിപ്പിക്കാൻ കെട്ടിട ഉടമ നൽകിയ കേസിൽ വാടകക്കാരിക്കുവേണ്ടി ഹാജരായതാണ് യുവ അഭിഭാഷകൻ. കീഴ്ക്കോടതി ഉടമയുടെ സ്വന്തം ആവശ്യത്തിന് പീടികമുറി ഒഴിഞ്ഞുകൊടുക്കാൻ വിധിച്ചതിനെതിരെ വാടകക്കാരി നൽകിയ അപ്പീലാണ് വാദത്തിനെടുത്തിരിക്കുന്നത്. പ്ലാസ്റ്റിക് വള്ളി കൊണ്ട് കസേരയും മറ്റും മറ്റും മെടയുന്ന തൊഴിലാണ് വാടകക്കാരിയുടേത്. വൃദ്ധയും അവശയുമായ വാടകക്കാരിക്ക് വേറെ വരുമാനമൊന്നുമില്ലെന്നും, എന്നാൽ കെട്ടിട ഉടമയ്ക്ക് ധാരാളം സ്വത്തും വരുമാനവും ഉള്ളയാളാണെന്നും വാടകക്കാരിക്കു വേണ്ടി അഭിഭാഷകൻ വാദിച്ചു. കെട്ടിട ഉടമയ്ക്കു വേണ്ടി ഹാജരായ മുതിർന്ന അഭിഭാഷകൻ നിയമത്തിന്റെ തലനാരിഴ കീറി വാദങ്ങൾ നിരത്തി. പ്ലാസ്റ്റിക് വള്ളി കൊണ്ട് കസേര മെടയുന്ന ഏർപ്പാടൊക്കെ ഈ കാലത്ത് ഇല്ലാ എന്നും, അത്തരമൊരു തൊഴിൽ തന്നെ കാലഹരണപ്പെട്ടുപോയി എന്നും മറ്റുമുള്ള വാദമാണ് കെട്ടിട ഉടമയുടെ അഭിഭാഷകൻ ഉന്നയിച്ചത്. ജന്മിയുടെ സ്വന്തം ആവശ്യം തെളിയിക്കപ്പെട്ടാൽ കടമുറി ഒഴിഞ്ഞുകൊടുക്കണമെന്ന നിയമം ഡെമോക്ലസിന്റെ വാൾ പോലെ തന്റെ തലയ്ക്കു മുകളിൽ നിൽക്കുന്നതായി വാടകക്കാരിയുടെ അഭിഭാഷകന് മനസ്സിലായി. മറുവാദത്തിനായി ആശയം ആലോചിച്ച യുവ അഭിഭാഷകൻ ന്യായാധിപനു പുറകിൽ തൂക്കിയിട്ടിരിക്കുന്ന ചില്ലിട്ട ഗാന്ധിയുടെ രൂപത്തിന് ജീവൻ വെക്കുന്നതായി തോന്നി. ഫോട്ടോയിൽ നിന്നും ഗാന്ധിജി പതുക്കെ ഇറങ്ങിവന്ന് ചർക്കയിൽ നൂൽ നൂൽക്കുന്ന ദൃശ്യം അഭിഭാഷകൻ മനക്കണ്ണിൽ കണ്ടു. ഗാന്ധിജി തന്നെ അഭിഭാഷകന് പ്രതിവാദങ്ങൾ പറഞ്ഞുകൊടുത്തു. അയാൾ പറഞ്ഞുതുടങ്ങി: "ഗാന്ധിജി തന്റെ അവസാനദിവസവും ഒരു മണിക്കൂർ നേരം ചർക്കയിൽ സ്വന്തമായി നൂലുണ്ടാക്കിയിരുന്നു. ഒരാൾ നൂലുണ്ടാക്കിയാൽ എന്താവാനാണ് എന്നും, ഗാന്ധിജി നൂലുണ്ടാക്കിയിട്ട് എത്ര പേർക്ക് വസ്ത്രം ഉണ്ടാക്കി കൊടുത്തു എന്നും ചോദിക്കുന്നതിലർത്ഥമുണ്ടോ..? നിരന്തരം പ്രവൃത്തിയിൽ മുഴുകുന്നതിന്റെയും സ്വാശ്രയത്വത്തിന്റെയും ഒക്കെ പ്രതീകമായല്ലേ ഗാന്ധിജി ചർക്കയിൽ നൂൽ നൂറ്റത്. പ്ലാസ്റ്റിക് കസേര മെടയാൻ മാത്രം അറിയാവുന്ന പാവം സാധു സ്ത്രീ പിന്നെന്തു ചെയ്യാനാണ്..? കൈത്തൊഴിലുകൾ ചെയ്യുന്നവർ ഈ കാലത്ത് പാടില്ലെന്നാണോ..? അഥവാ ഇത്തരം കൈത്തൊഴിലുകൾ അതിന്റെ വാണിജ്യസാധ്യതയുടെ അടിസ്ഥാനത്തിൽ മാത്രമാണോ വിലയിരുത്തേണ്ടത്." ഗാന്ധിജി ഇത്രയും അയാളെ കൊണ്ട് പറയിപ്പിക്കുകയായിരുന്നു. കേസിന്റെ നിയമപ്രശ്നങ്ങളാണോ.. അതോ ഗാന്ധിയെ കൂട്ടുപിടിച്ചതാണോ എന്താണെന്നറിയില്ല കോടതി ഒടുവിൽ വാടകക്കാരിക്ക് അനുകൂലമായി വിധിപറഞ്ഞു. ദിവസങ്ങൾക്കു ശേഷം യുവ അഭിഭാഷകന്റെ സീനിയർ അഭിഭാഷകൻ അയാളോട് എന്തൊക്കെയായിരുന്നു കോടതിയിൽ അയാളുന്നയിച്ച വാദങ്ങൾ എന്നു ചോദിച്ചു. "ഗാന്ധിജിയാണ് സാർ എന്നെ സഹായിച്ചത്." എന്നായിരുന്നു അയാളുടെ മറുപടി.

**-ലിമാ**

*....ജൈവകൃഷി*

തിരിച്ചറിഞ്ഞവരുടെ കൃഷിയെന്ന് വാദിക്കുന്നവരോട് അത് ശരിയാണെന്നേ ഞങ്ങൾ പറയൂ. ഭരണകൂടം, പൗരോഹിത്യം, വിദഗ്ധർ തുടങ്ങി എല്ലാ കാലത്തും കർഷകർ മുതുകത്ത് പേറിയിരുന്ന ഇത്തിക്കണ്ണികളെയാകെ കുടഞ്ഞ് കളഞ്ഞ് സ്വാതന്ത്ര്യം പ്രഖ്യാപിക്കലാണ് ജൈവകൃഷി എന്നു പറഞ്ഞാൽ ജൈവകൃഷിയുടെ രാഷ്ട്രീയമായി, ഇന്നത്തെ ഒരു ഭരണവ്യവസ്ഥയും ഇത് ഇഷ്ടപ്പെടില്ലെന്ന് ഞങ്ങൾക്ക് അറിയാം.

ജൈവകൃഷി നാളത്തെ ഭക്ഷണം ഉറപ്പുവരുത്തുന്നുവെന്നോ അടുത്ത തലമുറയോടുള്ള ധാർമ്മികമായ ഉത്തരവാദിത്വം നിറവേറ്റുന്നുവെന്നോ പറയുമ്പോൾ നാം പ്രകൃതിയെ അറിയാൻ തുടങ്ങുന്നു. അതിന്റെ നിയമങ്ങൾ വിനയത്തോടെ അംഗീകരിക്കുന്നു. അതുകൊണ്ടാണ് ജൈവകൃഷി പരിസ്ഥതി സംരക്ഷണത്തിന്റെ അത്യുന്നതരൂപമാകുന്നത്.

## കേരളപഠനയാത്ര

കേരളത്തിലെ വ്യത്യസ്ത ആവാസ വ്യവസ്ഥകളിലേക്ക് നിലമ്പൂർ പ്രകൃതിപഠനകേന്ദ്രം അറിവിന്റെയും അന്വേഷണത്തിന്റെയും മനസ്സുമായി **പഠന-നിരീക്ഷണ യാത്രകൾ** സംഘടിപ്പിക്കുന്നു. പങ്കെടുക്കുവാൻ താല്പര്യമുള്ളവർ **ഡയറക്ടർ, പ്രകൃതിപഠന കേന്ദ്രം, നിലമ്പൂർ-679329** എന്ന വിലാസത്തിൽ രജിസ്റ്റർ ചെയ്യണം.

"ഉറങ്ങുക എന്നത് നിസ്സാരമായ കലയല്ല. പകൽ മുഴുവൻ അതിനായി ഉണർന്നിരിക്കേണ്ടതാവശ്യമാണ്."

-നീത്ഷേ

# ഫേസ്ബുക്കിൽ നിന്ന് വിത്തും കിട്ടും

**ലിമാ ഡെസ്ക്**

ഫേസ്ബുക്ക് പച്ചയണിയുന്നുണ്ട്. കൃഷിതൽപ്പരരായ ഒരു സംഘം രൂപം കൊടുത്ത 'കൃഷി ഗ്രൂപ്പ്' (www.krishigroup.com) ഹരിതസ്വപ്നങ്ങൾ ലക്ഷ്യമിടുന്നു. സ്വപ്നങ്ങൾ മാത്രമല്ല. മണ്ണിൽ കൃഷി ചെയ്യുന്നവരാണ് ഈ കൂട്ടായ്മയ്ക്ക് പിന്നിൽ. ഫേസ്ബുക്കിലൂടെ ആവശ്യപ്പെട്ടാൽ പച്ചക്കറി വിത്തുകൾ തപാലിൽ അയച്ചുതരും; സൗജന്യമായി. ഒരു നിബന്ധനയുണ്ട്. കൃഷി ചെയ്ത് ഓരോ ഘട്ടവും ഫോട്ടോയെടുത്ത് ഫേസ്ബുക്കിലിടണം. വിളവുണ്ടായി വിത്തു ബാങ്കിലേക്ക് വിത്ത് അയച്ചുകൊടുക്കുകയും വേണം. കൂട്ടായ്മയിലെ അംഗങ്ങളായ എറണാകുളം അങ്കമാലി എളവൂരിലെ സി. ജയശ്രീയും തൃശൂർ പുല്ലൂറ്റിലെ ചന്ദ്രികാദേവി കല്ലമ്പിള്ളിയുമാണ് തപാലിൽ വിത്തുകൾ അയക്കുന്നത്. നേരംകൊല്ലി പരിപാടികൾക്ക് പകരം സോഷ്യൽ മീഡിയ ക്രിയാത്മകമാക്കുന്ന ഇത്തരം പ്രവർത്തനങ്ങൾ അർത്ഥവത്താകുന്നുണ്ട്.

"ഉറങ്ങുക എന്നത് നിസ്സാരമായ കലയല്ല. പകൽ മുഴുവൻ അതിനായി ഉണർന്നിരിക്കേണ്ടതാവശ്യമാണ്."

-നീത്ഷേ



## ലിറ്റിൽ മാസികയ്ക്ക് പ്രതിസന്ധികളുണ്ട്

അനുയോജ്യമായ രചനകൾ കിട്ടാത്തതുകൊണ്ട്... വരിസംഖ്യ കൃത്യമായി കിട്ടാത്തതുകൊണ്ട്... മാസിക കിട്ടുന്നവർ പ്രതികരിക്കാത്തതുകൊണ്ട്... അതിനാൽ മാസികയുടെ ഉള്ളടക്കത്തോട് പ്രതികരിക്കുക. അനുയോജ്യമായ രചനകൾ, വസ്തുതകൾ, എടുത്തുകൊടുക്കാവുന്ന സ്രോതസ്സുകൾ, അനുഭവക്കുറിപ്പുകൾ, ഓർമ്മക്കുറിപ്പുകൾ, എന്തിനേറെ വായിച്ച പുസ്തകത്തിൽ നിന്നുള്ള ഹൃദ്യമായ കുറിപ്പുകൾ പോലും എത്തിച്ചുതരുക. സ്വന്തം വരിസംഖ്യയും സുഹൃത്തുക്കളുടെ വരിസംഖ്യയും അയച്ചുതരിക. മാസിക ഇനിയും മുടങ്ങാതിരിക്കാൻ.

1 വർഷത്തേക്ക് 150 രൂപ

ലിറ്റിൽ മാസിക
ചുങ്കത്തറ പി.ഒ 679334
എന്ന വിലാസത്തിൽ
എം. ഒ. അയക്കാം

*ബാങ്ക് അക്കൗണ്ടിലേക്കും പണമയക്കാം*
*അക്കൗണ്ട് നമ്പർ-ബിജു ജോൺ*
***0857101067932** (കാനറ ബാങ്ക് എടക്കര ശാഖ)*

# പക്ഷികളെക്കുറിച്ച് വീട്ടിലിരുന്ന് പഠിക്കാം

ആന്ധ്രപ്രദേശിലെ മദനപ്പള്ളിയിലെ റിഷിപിലി സ്കൂളിലെ പക്ഷിപഠന ഇൻസ്റ്റിറ്റ്യൂട്ട് പക്ഷിനിരീക്ഷണത്തിൽ (Ornithology) ഹോം സ്റ്റഡി കോഴ്സ് നടത്തുന്നു. 17 വയസ്സ് പൂർത്തിയായ 12-ാം തരം പാസ്സായ ആർക്കും പ്രവേശനം ലഭിക്കും.

പക്ഷികളെ കുറിച്ചും പക്ഷിസംരക്ഷണത്തെ കുറിച്ചും ശാസ്ത്രീയാവബോധം ഉള്ളവരെ പരിശീലിക്കുകയാണ് ഈ ഗൃഹപഠന പദ്ധതിയുടെ ഉദ്ദേശം.പരിസ്ഥിതി സംരക്ഷണം, ആവാസ പഠനം, ജൈവവൈവിധ്യ സംരക്ഷണം, അന്യം നിൽക്കുന്ന പക്ഷികളെ കുറിച്ചുള്ള പഠനം തുടങ്ങിയവ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**പാഠ്യപദ്ധതി ഉന്നം വെയ്ക്കുന്നത്:**

പക്ഷി അവബോധം ജനങ്ങളിൽ വളർത്തുക.പ്രകൃതി സന്തുലനത്തിന് പക്ഷികളും അവയുടെ ആവാസവും വഹിക്കുന്ന പങ്ക് പഠനവിധേയമാക്കുക.ജൈവവൈവിധ്യത്തിന്റെ പരിപാലനത്തിൽ പക്ഷികളുടെ പങ്ക് പഠനവിധേയമാക്കുക.പക്ഷിലോകത്തിന്റെ സൗന്ദര്യവും ആകർഷണവും പ്രകൃതിയെ എപ്രകാരം സൗന്ദര്യവൽക്കരിക്കുന്നു എന്ന അന്വേഷണം.പരിസ്ഥിതി അവബോധം വളർത്തി ഭാവിതലമുറയ്ക്കും കൂടി വേണ്ടിയും പ്രകൃതിയെ പരിപാലിക്കുന്നതിനുള്ള ഭരണഘടനാ ബാധ്യത ഏറ്റെടുക്കുവാൻ പ്രേരിപ്പിക്കുക എന്നിവയാണ് കോഴ്സിന്റെ ലക്ഷ്യങ്ങൾ.

**പാഠ്യപദ്ധതിയുടെ ഉള്ളടക്കം**

25 അദ്ധ്യായങ്ങളിലായി മൂന്ന് വിഭാഗങ്ങളിൽ പക്ഷി ജീവശാസ്ത്രം, പക്ഷിയുടെ പെരുമാറ്റവും പ്രകൃതവും, ഇക്കോളിജിയും ആവാസവും, കൺസർവേഷൻ ബയോളജി, ജൈവസന്തുലനം, വംശനാശം നേരിടുന്ന പക്ഷിവിഭാഗങ്ങളുടെ സംരക്ഷണം എന്നിങ്ങനെ വിപുലമായ വിഷയങ്ങൾ കോഴ്സിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**ഫീസ്, സർട്ടിഫിക്കറ്റ്**

നോൺ-പ്രോഫിറ്റ് രീതിയിൽ ആണ് പഠനം വിഭാവനം ചെയ്തിരിക്കുന്നത്. പഠനത്തിന്റെ ചിലവായി 1000 രൂപ സംഭാവന അടയ്ക്കണം. പഠനവിഭാഗങ്ങൾ രജിസ്റ്റേർഡ് തപാലിൽ എത്തും. സംഭാവന എം.ഒ./ ഡി.ഡി ആയി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബേർഡ് സ്റ്റഡീസ് ആന്റ് നാച്വുറൽ ഹിസ്റ്ററി എന്ന പേരിൽ മദനപ്പള്ളിയിൽ മാറാവുന്ന വിധത്തിൽ അയക്കണം

6 മാസമാണ് കോഴ്സ് കാലാവധി. ഓരോ മാസവും 20 നകം അപേക്ഷ ലഭിച്ചാൽ തൊട്ടടുത്ത മാസത്തെ ബാച്ചിൽ ഉൾപ്പെടുത്തും. വർഷം 100 പേർക്കാണ് പ്രവേശനം.

വിവരങ്ങൾക്ക്: **rishivally.org/conservation/bird studies.htm.**

അല്ലെങ്കിൽ 30 രൂപ ഡി.ഡി./എം.ഒ. അയക്കുക
**Institute of Bird Studies and Natural History, Rishi valley Education Centre (KFI), Rishi valley, Chittoor (Dt), Andrapradesh-517 352**

Postal Reg.No.KL/MJI/82/2012-15





Edited,Printed, Published and Owned by Biju John (Responsible for selection of news under the PRB Act ) and Printed at A-One Offset Printers ,Ramanattukarai for Co-Operative Press Chungathara. Malappuram District.

155

2015 ഫെബ്രുവരി

# ലിറ്റിൽ മാസിക




Indic Digital Archive Foundation
gpura.org